# മരിയൻ വോയ്സ്

**Parish Bulletin 2022**
**March**

marianvoiceponganamkad@gmail.com
www.st-maryschurch.com





വി.യൗസേപ്പിതാവേ
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ....




## സെന്റ് മേരീസ് ചർച്ച്

പൊങ്ങണംകാട്. ഫോൺ : 0487 – 2695667



# 42-ാം ചരമദിനം

## 12-03-2022



### ആലപ്പാടൻ അന്തോണി മകൻ

# ആൻഡ്രൂസ്

ജനനം : 09-09-1947    മരണം : 30-01-2022



# മരിയൻ വോയ്സ്

പാരിഷ് ബുള്ളറ്റിൻ


മാർച്ച് 2022

പുസ്തകം : 13 ലക്കം : 3



St.Marys Church, Ponganamkad

Ph: 0487 2695667

marianvoiceponganamkad@gmail.com

www.st-maryschurch.com


## വിശുദ്ധ കുർബാന സമയങ്ങൾ

**ഞായർ**

6.30 AM, 9.30 AM

**തിങ്കൾ മുതൽ ശനി വരെ**

**എല്ലാ ദിവസവും**

6.30 AM വി. കുർബാന

## ഇതളുകൾ വിടരുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ഇടയ സന്ദേശം | 5 |
| വികാരിയച്ചന്റെ വ്യക്തിഗത വിവരങ്ങൾ | 6 |
| ഓർമ്മിക്കാൻ, ആചരിക്കാൻ | 7 |
| വലിയ നോമ്പിന് ഒരുങ്ങുമ്പോൾ | 8 |
| ശരീരഭാഷ | 11 |
| നിങ്ങൾക്കറിയാമോ? | 13 |
| വിശുദ്ധരിലൂടെ | 14 |
| വിശ്വാസ പരിശീലന വാർത്തകൾ | 15 |
| ജയിക്കണം എല്ലാവരും | 16 |
| പുത്തൻപുരക്കലെച്ചന്റെ തമാശകൾ | 17 |
| പ്രതീക്ഷതൻ അകലെ ഒരു ലോകം | 19 |
| എങ്ങനെ സ്വർഗ്ഗമാക്കി മാറ്റാം | 21 |
| ഇടവക വാർത്തകൾ | 23 |
| സഭാ വാർത്തകൾ | 26 |
| കൊച്ചുവർത്തമാനം | 28 |
| ബൈബിൾ ക്വിസ് | 30 |
| ബൈബിൾ കലണ്ടർ | 32 |



## മരിയൻ വോയ്സ് - പരസ്യ നിരക്കുകൾ

| | | |
|---|---|---|
| Front Inner Page | - | 2250/- |
| Back Inner Page | - | 1750/- |
| Back Outer Page | - | 2500/- |
| Full Page (Colour) | - | 1400/- |
| Half Page (Colour) | - | 800/. |
| Full Page (B/w) | - | 800/- |
| Half Page (B/w) | - | 600/- |
| Quarter Page (B/W) | - | 400/- |

Page size(Full)-14 cmx21cm




## പത്രാധിപ സമിതി

**എഡിറ്റർ :**

റവ.ഫാ. തോമസ് ചുണ്ടൽ Mob: 8606206840

**എക്സി എഡിറ്റേഴ്സ് :**

വില്ലി ചിറ്റിലപ്പിള്ളി Mob : 9746046049

ജിജോ മഞ്ഞളി Mob : 9495132037

**അഡ്വർട്ടൈസ്മെന്റ് കൺവീനർ**

റിനോയ് ജോണി Mob : 9846342782

**സെക്രട്ടറി**

ജീസ് എസ്. പനക്കൽ Mob : 9567690264

**ട്രഷറർ**

ജോണി മാറോക്കി Mob : 9495225563

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

സി. തെരേസ Ph : 0487 - 2695075

സിൻസൺ ജോൺ Mob : 8943336888

ഹാപ്പി ആനിക്കൽ Mob : 9387046502

ആൻജോ ജോളി Mob : 9895610916

ജോണി മഞ്ഞളി Mob : 9447224768

ഫെയ്സൺ പുലിക്കോട്ടിൽ Mob : 9387979899

**കൈക്കാരൻമാർ**

പൗലോസ് വാറോക്കി Mob : 9447516317

പോൾ സി. റാഫേൽ Mob : 9495713839

ഫെലിക്സ് കൊച്ചുപ്ലാക്കൽ Mob : 9645041409

ബിജു തൈക്കാടൻ Mob : 9544332002

പള്ളി കപ്യാർ (ഷാജു) Mob : 9544121708

# എഡിറ്റോറിയൽ



യാത്രയയപ്പ് വളരെ മനപ്രയാസമുണ്ടാക്കുന്ന ഒരു ചടങ്ങാണ്. യാത്രയയക്കപ്പെടുന്ന വ്യക്തിയുമായുള്ള ബന്ധത്തെ ആശ്രയിച്ചിരിക്കുമത്. ഒരു വ്യക്തിയുടെ ജീവിതത്തിൽ ഇത് വിവിധ രീതിയിലും ഭാവങ്ങളിലും അനുഭവപ്പെടാറുണ്ട്.

നമ്മുടെ വികാരിയായിരുന്ന ഫ്രാൻസീസ് വാഴപ്പിള്ളി അച്ചന്റെ യാത്രയയപ്പിൽ ഇത് വരെ അനുഭവപ്പെടാത്ത ഒരു പ്രയാസം അനുഭവപ്പെട്ടുവോ എന്നൊരു തോന്നൽ. ഏറിയ സമയവും പ്രാർത്ഥനയിലും മറ്റ് ആത്മീയ കാര്യങ്ങളിലും മുഴുകി, മിതമായി ഭക്ഷണം കഴിച്ച്, ബാക്കി സമയങ്ങളിൽ സസ്യലതാദികളോടും ഫലവൃക്ഷങ്ങളോടും ചങ്ങാത്തം കൂടി ഒരു മാതൃകാജീവിതം അച്ചൻ നയിച്ചിരുന്നു എന്ന് പറയുവാൻ സന്തോഷമുണ്ട്.

അച്ചന്റെ ഈ ജീവിതശൈലിയെ കുറിച്ചോർക്കുമ്പോൾ രസകരമായ ഒരു സംഭവം ഓർമ്മ വരുന്നു. ഈയടുത്ത കാലത്ത് എന്റെ ഒരു സുഹൃത്തും ഭാര്യയും കൂടി അച്ചനെ കാണാൻ പോയി. ബാംഗ്ലൂരിൽ സ്ഥിരതാമസമാക്കിയ അവർക്ക് അച്ചനെ അറിയില്ല. ഗേറ്റ് കടന്നു ചെല്ലുമ്പോൾ ഹോസുപയോഗിച്ച് ചെടികൾ നനച്ചുകൊണ്ടിരുന്ന ഒരപരിചിതനെ കണ്ടപ്പോൾ "അച്ചനുണ്ടോ?"എന്നന്വേഷിച്ചു. "അച്ചൻ അതാ അവിടെ വൈദികമന്ദിരത്തിലാണ് താമസിക്കുന്നത്" എന്ന് മറുപടി. "ഇപ്പോൾ കാണാൻ പറ്റുമോ?" ആഗതർ തിരക്കി. "കുളി കഴിഞ്ഞാൽ കാണാം". മറുവചനം. ഇത് കേട്ടപ്പോൾ സംശയം തോന്നി അപരിചിതനോട് ആരാഞ്ഞു. "എന്താ പേര്?" "ഫ്രാൻസീസ് വാഴപ്പിള്ളി". പേര് കേട്ടപ്പോൾ അവർ ഞെട്ടിപ്പോയി. കാരണം അച്ചന്റെ പേര് അവർക്കറിയാമായിരുന്നു.

മഹാത്മജിയുടെ സത്യാന്വേഷണ പരീക്ഷണങ്ങൾ എന്ന കൃതിയിൽ ഇങ്ങനെ ഒരു വരിയുണ്ട്. ഓരോ ആൾക്കും അയാളുടെ സൃഷ്ടാവിന് മാത്രം അറിയാവുന്ന ചില കാര്യങ്ങളുണ്ട്. അവ പറഞ്ഞറിയിക്കാൻ പറ്റാവുന്നതല്ല. അച്ചനാൽ പൂർത്തീകരിക്കേണ്ട നിയോഗങ്ങൾ നിറവേറ്റുന്നതിന്

ദൈവം ആയുസ്സും ആരോഗ്യവും നൽകി അനുഗ്രഹിക്കട്ടെ! വാഴപ്പിള്ളി അച്ചന് **ഇടവകയുടെ യാത്രാമംഗളങ്ങൾ!**

എരനെല്ലൂരിനടുത്ത് ചിറനെല്ലൂർ ഇടവകയിൽ ചൂണ്ടൽ കുടുംബാംഗമായി ഭൂജാതനായി വൈദിക വൃത്തിക്കായി ദൈവം നിയോഗിച്ച തോമസ് ചൂണ്ടൽ അച്ചന് **ഇടവകയിലേക്ക് ഹാർദ്ദവമായ സ്വാഗതം.** കുരിയച്ചിറ എന്ന വലിയ ഇടവകയിൽ നിന്ന് കുറിച്ചിക്കരയിലെത്തുമ്പോൾ അച്ചന് ഗ്രാമീണ ജീവിതം നയിക്കുന്ന ഇടവക ജനങ്ങളുമായി യോജിച്ച് പോകാൻ പ്രയാസമുണ്ടാകില്ല എന്ന് കരുതുന്നു. ആത്മീയ ജീവിതത്തിൽ തന്റെ കടമകൾ ഭംഗിയായി നിറവേറ്റുവാൻ ദൈവം അച്ചനെ അനുഗ്രഹിക്കട്ടെ. തോമസ് ചൂണ്ടൽ അച്ചന്റെ ആത്മീയവും പുരോഗമനാത്മകവുമായ സദുപദേശങ്ങൾ ഇടവകയെ പ്രശോഭിതമാക്കട്ടെയെന്ന് ആശംസിക്കുന്നു.

അടുത്ത ഞായറാഴ്ച വലിയ നൊയമ്പ് ആരംഭിക്കുകയാണല്ലോ. യേശുവിന്റെ ത്യാഗങ്ങളും പീഡാസഹനങ്ങളും നമ്മിൽ പുത്തൻ ആത്മീയ ഉണർവേകട്ടെ. പീഡാനുഭവങ്ങളുടെ ഉച്ചസ്ഥായിയിലാണ് കുരിശുമരണം സംഭവിക്കുന്നത്. ഈ ഭൂമിയിൽ വീണതിനെയെല്ലാം അഴിഞ്ഞില്ലാതായി പുതുനാമ്പെടുക്കുവാൻ ദൈവം അനുവദിച്ചിട്ടുണ്ട്. സ്വയം ഇല്ലാതാകുന്നതിന് മുൻപ് ദൈവവചനം പ്രഘോഷിക്കുവാൻ ക്രിസ്തു ശിഷ്യൻമാരെ വളർത്തിയെടുത്തു. സമൂഹത്തിന്റെ ഏറ്റവും താഴെതട്ടിലുള്ളവരെയാണ് അതിനായി തിരഞ്ഞെടുത്തത്. അവരിലൂടെ വചനം പ്രഘോഷിക്കുവാൻ അനേകരെ സജ്ജരാക്കുവാൻ ക്രിസ്തുവിന് സാധിച്ചു.

മരുഭൂമിയിൽ വിളിച്ച് പറയുന്നവന്റെ ശബ്ദത്തിലൂടെയാണ് നാം ക്രിസ്തുവിന്റെ വരവ് അറിയുന്നത്. ജോർദ്ദാൻ നദിയിൽ വച്ച് യോഹന്നാനിൽ നിന്ന് സ്നാനം സ്വീകരിച്ച് പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായി. തുടർന്നുള്ള യേശുക്രിസ്തുവിന്റെ അത്ഭുതപ്രവൃത്തികൾ മർക്കോസ് ഒന്നാം അദ്ധ്യായം മുതൽ പത്താം അദ്ധ്യായം വരെ വിശദമായി പറയുന്നുണ്ട്.

യേശുവിന്റെ ശിഷ്യന്മാരിൽ ഒരു പ്രമുഖ സ്ഥാനം വിശുദ്ധ യോഹന്നാന് ഉണ്ട് എന്ന് കരുതുന്നതിൽ തെറ്റില്ല. അന്ത്യ അത്താഴ വേളയിൽ ഗുരുവിന്റെ വക്ഷസ്സിലേക്ക് ചാരിക്കിടന്ന് ക്രിസ്തുവിന്റെ വേദനയുടെ പങ്ക് പറ്റിയത് കൊണ്ടാവണം കാൽവരിയിൽ ക്രിസ്തു തന്റെ അമ്മയെ യോഹന്നാന് നൽകിയത്. ആ കുരിശിനോട് ചേർന്ന് നിന്നാൽ മാത്രമേ പരിശുദ്ധ അമ്മയെ സ്വന്തമാക്കുവാൻ നമുക്കും കഴിയുകയുള്ളൂ. അത് കൊണ്ട് മറ്റുള്ളവരുടെ സഹനങ്ങളിൽ പങ്ക് ചേർന്ന് തിരുകർമ്മങ്ങളിൽ ആത്മാർത്ഥതയോടെ സഹകരിച്ച് ഒരു പുത്തൻ ആത്മീയ ഉണർവ്വ് നേടാൻ നമുക്ക് ശ്രമിക്കാം. ഏവർക്കും വലിയ നോമ്പ് ഭംഗിയായി ആചരിക്കുവാൻ ദൈവം അനുഗ്രഹം നൽകട്ടെ!

**വില്ലി ചിറ്റിലപ്പിള്ളി.**



# ഇടയസന്ദേശം

യേശുവിൽ സ്നേഹമുള്ളവരെ,

വലിയ നോമ്പിലേയ്ക്ക് നാം പ്രവേശിച്ചു കഴിഞ്ഞു. ഈശോയുടെ പരസ്യജീവിതത്തിന്റെ പരിസമാപ്തിയിലെ നിർണ്ണായകമായ സംഭവങ്ങളെ നാം ഈ കാലഘട്ടത്തിൽ അനുസ്മരിക്കുന്നു. ധ്യാനാത്മകമായ ചിന്തകളും പ്രാർത്ഥനാരൂപിയും, ദാനധർമ്മവും ഉപവാസവും പ്രായ്ശ്ചിത്ത പ്രവർത്തികളുമായി നമുക്ക് മുന്നേറാം. യേശുവിന്റെ കുരിശ് യഹൂദർക്ക് ഇടർച്ചയും വിജാതീയർക്ക് ഭോഷത്വവുമാണെങ്കിൽ ക്രൈസ്തവർക്ക് അത് രക്ഷയുടെ അടയാളമാണ്. യേശുവിന്റെ കുരിശുമരണത്തിലൂടെയാണ് പാപികളായ നാമെല്ലാവരും വീണ്ടെടുക്കപ്പെട്ടത്. ആയതിനാൽ കുരിശിന്റെ മഹത്വം നാം തിരിച്ചറിയണം. കുരിശില്ലാതെ കിരീടമില്ല. No gain without pain. കുരിശാണ് രക്ഷ. കുരിശിലാണ് രക്ഷ എന്ന് നാം പാടാറില്ലെ. നോമ്പുകാലം പരിഹാരത്തിന്റെ കാലഘട്ടമാണ്. നമ്മുടെ പാപങ്ങൾക്കും തെറ്റുകൾക്കും പ്രായശ്ചിത്തങ്ങളിലൂടെ പരിഹാരം ചെയ്യാം. ആത്മീയ ജീവിതത്തിന്റെ പൂക്കാലമാണ് നോമ്പുകാലം. കാരണം ഉപവാസവും പ്രാർത്ഥനയും ദാനധർമ്മവും സുകൃതജീവിതവും നമ്മെ കൂടുതൽ ദൈവത്തിലേയ്ക്ക് അടുപ്പിക്കുന്നതാണ്. ആയതിനാൽ കൂടുതൽ തീക്ഷ്ണതയോടെ ഈ നോമ്പുകാല അനുഷ്ഠാനങ്ങൾ നിർവ്വഹിക്കാം. മാർച്ച് മാസത്തിലെ വി.യൗസേപ്പിതാവിന്റെ വണക്കമാസഭക്തിയും നമുക്ക് ആരംഭിക്കാം. സഭയുടെ പാലകനായ വി.യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം നമുക്ക് പ്രാർത്ഥിക്കാം. എല്ലാവർക്കും നോമ്പുകാലത്തിന്റെ ആശംസകൾ നേരുന്നു.

എന്ന് വികാരി
**തോമസ് ചൂണ്ടലച്ചൻ**

# വികാരിയച്ചന്റെ വ്യക്തിഗത വിവരങ്ങൾ



**ഫാ. തോമസ് ചൂണ്ടൽ**

ജനനം : 9-1-1958

തിരുപ്പട്ടം : 31-12-1984

ഇടവക : ചിറനെല്ലൂർ

മാതാപിതാക്കൾ : ചേറുകുട്ടി(Late)+കുഞ്ഞില(Late)

സഹോദരങ്ങൾ: ഇയ്യപ്പൻ (Late), കൊച്ചുമറിയം(Late), എല്യാകുട്ടി(Late), റോസ(Late), മേരി, ഫ്രാൻസീസ്(Late), ജോസ്, സിസിലി, കുരിയൻ, ലില്ലി

**സേവനം ചെയ്ത ഇടവകകൾ:**

പറപ്പൂർ (സഹവികാരി)

വടക്കാഞ്ചേരി (സഹവികാരി)

കോടന്നൂർ വികാരി

പെരിഞ്ചേരി "

ആറംമ്പുള്ളി "

എടക്കളത്തൂർ "

കല്യാൺ രൂപതയിൽ 5 വർഷം സേവനം

പാലയ്ക്കൽ വികാരി

തലക്കോട്ടുകര "

കുണ്ടന്നൂർ "

വേലൂപ്പാടം "

പഴുവിൽ "

കുരിയച്ചിറ "

**സ്വർഗ്ഗീയ മദ്ധ്യസ്ഥൻ - സെന്റ് തോമസ്**

**ഫീസ്റ്റ് - ജൂലൈ 3**

***ദൈവത്തിന് സ്തുതി***

# മാർച്ച് 2022

## ഓർമ്മിക്കാൻ, ആചരിക്കാൻ

| | | |
|---|---|---|
| 1 | ചൊവ്വ | നോമ്പ് ഒന്നാം ചൊവ്വ |
| 4 | വെള്ളി | ആദ്യ വെള്ളി |
| 6 | ഞായർ | നോമ്പ് രണ്ടാം ഞായർ |
| 13 | ഞായർ | നോമ്പ് മൂന്നാം ഞായർ |
| 18 | വെള്ളി | ജെറുസലെമിലെ വി.സിറിൻ |
| 19 | ശനി | വി.യൗസേപ്പിതാവിന്റെ മരണതിരുനാൾ<br>സെ.ജോസഫ് കുടുംബ കൂട്ടായ്മ അംഗങ്ങൾക്ക്<br>തിരുനാൾ മംഗളങ്ങൾ |
| 20 | ഞായർ | നോമ്പ് നാലാം ഞായർ |
| 25 | വെള്ളി | മംഗളവാർത്ത തിരുനാൾ |
| 27 | ഞായർ | നോമ്പ് അഞ്ചാം ഞായർ |

### കുരിശിന്റെ വഴി വെള്ളിയാഴ്ചകളിൽ

നോമ്പിലെ വെള്ളിയാഴ്ചകളിൽ യൂണിറ്റുകളിൽ നിന്നുള്ള കുരിശിന്റെ വഴി വൈകീട്ട് 7 മണിക്ക് പള്ളിയിൽ എത്തിച്ചേരണം. തുടർന്ന് സമാപന ആശീർവാദം.

നോമ്പുകാലത്ത് രാവിലെ 6 മണിക്ക് പള്ളിയിൽ കുരിശിന്റെ വഴി ഉണ്ടായിരിക്കും. ആ സമയത്ത് കുമ്പസാരിക്കാനുള്ള സൗകര്യം ഉണ്ടായിരിക്കും. ഇടദിവസങ്ങളിൽ വി. കുർബ്ബാനയ്ക്കും ഒപ്പീസിനും ശേഷം കുമ്പസാരിക്കാനുള്ള സൗകര്യം ഉണ്ടായിരിക്കും.

## വാർഷികധ്യാനം

**മാർച്ച് 24,25,26 തിയ്യതികളിൽ**
**വൈകീട്ട് 5.30ന് കുരിശിന്റെ വഴി**
**തുടർന്ന് ധ്യാനം**
**നയിക്കുന്നത് റവ. ഫാ. ബിജു പാണേങ്ങാടൻ**

മാസാദ്യ വെള്ളിയാഴ്ചകളിൽ കിടപ്പു രോഗികൾക്ക് കുമ്പസാരിപ്പിച്ച് കുർബ്ബാനയ്ക്ക് കൊടുക്കുന്നതാണ്. പേര്, വിലാസം, യൂണിറ്റ് എന്നിവ മുൻകൂട്ടി കപ്യാരെ അറിയിക്കേണ്ടതാണ്.

# വലിയ നോമ്പിന് ഒരുങ്ങുമ്പോൾ

ഈ ദിനങ്ങളിൽ ക്രൈസ്തവലോകം വലിയ നോമ്പിലേക്ക് പ്രവേശിക്കുകയാണ്. ശരിയായ ഒരുക്കത്തോടും നല്ല തീരുമാനങ്ങളോടും കൂടെ നമ്മുടെ കർത്താവീശോമിശിഹായുടെ പെസഹാരഹസ്യങ്ങളുടെ വാർഷികസ്മരണയിലേക്ക് പ്രവേശിക്കാൻ നമുക്കൊരുങ്ങാം. ഫലപ്രദമായ ഒരുക്കത്തിന് സഹായകമായ ചില ചിന്തകൾ പങ്കുവക്കട്ടെ.

## ഓർമ്മ

വലിയ നോമ്പിന്റെ ദിവസങ്ങൾ നമ്മിലുണർത്തേണ്ട ചില ഓർമ്മകളെക്കുറിച്ച് ആദ്യമേ സൂചിപ്പിക്കാം. നോമ്പിനെക്കുറിച്ച് ഓർമ്മിക്കുക എന്നത് തന്നെ വലിയ കാര്യമാണ്. തിരക്കുകളും ജീവിതഭാരവും നമ്മെ പലപ്പോഴും നോമ്പ്, ഉപവാസം, പരിത്യാഗം, ആശയടക്കം എന്നിങ്ങനെയുള്ള ആത്മീയപ്രവൃത്തികളിൽ നിന്ന് അകറ്റാറുണ്ട്. സ്വയം തിരിച്ചറിയാനും പരിശീലിപ്പിക്കാനും മെരുക്കിയെടുക്കാനും അങ്ങനെ ആത്മീയമായ സ്വസ്ഥതയും ദൈവവുമായുള്ള ബന്ധവും ആഴപ്പെടുത്തിയെടുക്കാനും ഇവ ഏറെ സഹായകരമാണ്. വലിയ നോമ്പിന്റെ പ്രാധാന്യവും അത് നമ്മുടെ ആത്മീയചിന്തകളെ ഓർമ്മിപ്പിക്കുന്നതും എന്താണെന്ന് അനുസ്മരിക്കുന്നത് അർത്ഥവത്തായ നോമ്പാചരണത്തിന് അനിവാര്യമാണ്.

1. മിശിഹായുടെ രക്ഷകരകർമ്മങ്ങളുടെ പരിസമാപ്തി കുറിക്കുന്ന അവിടുത്തെ പീഡാനുഭവവും മരണവും ഉത്ഥാനവുമാണ് വലിയ നോമ്പിന്റെ ഉള്ളടക്കം.
2. ഈശോയുടെ മരുഭൂമിയിലെ 40 ദിവസത്തെ ഉപവാസമാണ് ഈ നോമ്പാചരണത്തിന്റെ അടിസ്ഥാനമായി നാം കാണുന്നത്. പരീക്ഷകളെ അതിജീവിക്കാനുള്ള മാർഗം മിശിഹാ മരുഭൂമിയിൽ പഠിപ്പിച്ചു തരികയായിരുന്നു.
3. മാമ്മോദീസായിൽ നാം ദൈവമക്കളും പുതിയ മനുഷ്യരുമായിരുന്നു എന്നതും പാപം വഴി അവിടുത്തെ പരിത്യജിച്ചു എന്നതും ഈ കാലഘട്ടത്തിന്റെ സവിശേഷ ഓർമ്മയായി നാം സൂക്ഷിക്കണം.
4. അനുതാപത്തിന്റെ ആവശ്യകതയെക്കുറിച്ച് പ്രത്യേകമാംവിധം ചിന്തിക്കണം.
5. അനുതപിക്കുന്നവരോടുള്ള ദൈവത്തിന്റെ സവിശേഷമായ കാരുണ്യത്തെയും സ്നേഹത്തെയും പറ്റി സമയമെടുത്ത് ധ്യാനിക്കണം.
6. ദൈവത്തോടും സഹോദരങ്ങളോടും അനുരഞ്ജനത്തിലെത്തേണ്ടത് നോമ്പിന്റെ ചൈതന്യത്തിനും ആത്മീയതക്കും അനിവാര്യമാണെന്നതും മറക്കരുത്.

### ഒരുക്കം

സവിശേഷമായ ഒരുക്കങ്ങൾ വലിയനോമ്പിനു മുൻപും നോമ്പുകാലത്തും നടത്തുന്നത് നല്ലതാണ്. നോമ്പുകാലം തന്നെ ഒരുക്കമല്ലേ എന്നുള്ള ചിന്ത പ്രസക്തമാണ്. എന്നാൽ നോമ്പുകാലം തന്നെ ഒരുക്കത്തോടെ അനുഷ്ഠിക്കുമ്പോൾ അത് ആത്മീയജീവിതത്തിന് വലിയ ഉണർവ്വ് നല്കാൻ

# സ്വാഗതം



പൊങ്ങണംകാട് സെന്റ്. മേരീസ്
ഇടവകയിലെ വികാരിയായി സ്ഥാനമേൽക്കുന്ന
**ബഹു. തോമാസ് ചൂണ്ടൽ** അച്ചന്
ഇടവകയിലേക്ക് സ്നേഹോഷ്മളമായ
സ്വാഗതം...



ഞങ്ങളുടെ പ്രിയപ്പെട്ട
വികാരിയച്ചന് ഇടവകയുടെ

**യാത്രാമംഗളങ്ങൾ...**



Wedding

26 January 2022

**SACHIN**

S/o. Mr. Stanly T.V. &
Mrs. Saly Stanly
Thozhuthumparambil House,
Thanikudam, Aishwarya Nagar
P.O. Kurichikkara - 680 028

**JESNA**

D/o. Mr. Joy A.A. &
Mrs. Jancy N.R.
Alookaran House, Eravakkad,
P.O. Chittissery - 680 301

*With best compliments From:* **Sharon Stanly & Jilna Joy**



# തീർത്ഥാടനയാത്ര

## അമ്പത് നൊയമ്പിൽ 14 പള്ളി സന്ദർശനം

വലിയ നോമ്പിനോടനുബന്ധിച്ച് 14 പള്ളികളിൽ കൂടി ഒരു തീർത്ഥയാത്ര. ചെട്ടിക്കാട്, പള്ളിപ്പുറം, മഞ്ഞുമാതാവിൻപള്ളി, വൈപ്പിൻ 2 പള്ളികൾ, വല്ലാർപ്പാടം, തങ്കിപ്പള്ളി, കണ്ണമാലി, അർത്തുങ്കൽ, പൂങ്കാവനം, തുമ്പോളി, കൊരട്ടി, കൃപാസനം, ബീച്ച് എന്നിവ സന്ദർശിക്കുന്നു.

**മാർച്ച് 27 രാവിലെ 5 ന് പുറപ്പെടുന്നു**

**മുൻകൂട്ടി സീറ്റുകൾ ബുക്ക് ചെയ്യുക**

**പോളി**

**Mob: 7736754106**

പ്രാപ്തമായിത്തീരും. നഷ്ടമായിപ്പോയ ആത്മവിശ്വാസത്തെ വീണ്ടെടുക്കാനും കരിന്തിരി കത്തുന്ന ദൈവാനുഭവത്തെ ജ്വലിപ്പിക്കാനും തേഞ്ഞുപോയ പ്രാർത്ഥനാനുഭവത്തെ മൂർച്ചപ്പെടുത്താനും നിസംഗമായ ബന്ധങ്ങളെ ജീവനുള്ളതാക്കാനും ഒരുക്കത്തോടുകൂടിയ നോമ്പാചരണത്തിന് കഴിയും.

1. കുമ്പസാരം എന്ന കൂദാശയുടെ സ്വീകരണത്തോടെ നോമ്പിലേക്ക് പ്രവേശിക്കുന്നത് നല്ലതാണ്. നോമ്പുകാലം മുഴുവൻ തന്നെ അനുതാപ ത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും ഓർമ്മയാണെങ്കിലും കളങ്കമില്ലാത്ത മനസ്സോടെ കണ്ണീരിന്റെ ദിനരാത്രങ്ങളിലേക്ക് പ്രവേശിക്കുമ്പോൾ ലോകത്തിനു മുഴുവൻ വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് കർത്താവിന്റെ കുരിശിനോട് ചേർന്ന് സഹിക്കാൻ നമുക്ക് കരുത്ത് ലഭിക്കും.
2. കൈകാര്യം ചെയ്യുന്ന വസ്തുക്കൾ വൃത്തിയാക്കുക, മുറി ക്രമീക രിക്കുക, വസ്ത്രങ്ങൾ അലക്കിത്തേച്ച് വൃത്തിയായി മടക്കി വെക്കുക. മൊത്തത്തിൽ ഒരു വൃത്തി വരുത്തുന്നത് വിശുദ്ധമായ ദിനങ്ങളിലേക്ക് ഞാൻ പ്രവേശിച്ചിരിക്കുന്നു എന്നും എന്റെ പരിസരങ്ങൾ പോലെ ജീവിതവും വിശുദ്ധവും ക്രമീകൃതവുമായിരിക്കണമെന്ന് സ്വയം ഓർമ്മപ്പെടുത്തുന്നതിനും ഉതകുന്നതാണ്.
3. വലിയ നോമ്പിന്റെ ദിനങ്ങളിൽ പ്രത്യേകസമയക്രമീകരണം നടത്തു ന്നത് നല്ല ഒരുക്കത്തിന്റെ ഭാഗമാണ്. എല്ലാ ദിനവും തന്നെ വിശുദ്ധ ബലിയിൽ സംബന്ധിക്കാൻ പരിശ്രമിക്കുക. സാധിക്കുന്നിടത്തോളം കുടുംബപ്രാർത്ഥനയിൽ പങ്കെടുക്കാനും അല്പസമയം സ്വയം പ്രാർത്ഥിക്കാനും വിശുദ്ധ ഗ്രന്ഥം വായിക്കാനും സമയം ലഭിക്കുംവിധം അനുദിന ജീവിതകൃത്യങ്ങളെ ക്രമീകരിക്കാൻ സാധിച്ചാൽ നല്ലത്.
4. ഈ ദിവസങ്ങൾ പാപത്തിലേക്ക് നയിക്കുന്ന സാഹചര്യങ്ങളെ ഒഴിവാ ക്കുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുക. തെറ്റിലേക്ക് നയിക്കുന്ന കൂട്ടുകെട്ടുകളിൽ നിന്ന് അകലം പാലിക്കാൻ മതിയായ കാരണങ്ങൾ കണ്ടുപിടിക്കുക. ഈ അൻപതുദിവസങ്ങൾ സ്വയം നിയന്ത്രിക്കാൻ സാധിച്ചാൽ തീർച്ചയായും അതിലൂടെ ലഭിക്കുന്ന ആത്മീയശക്തി യിലൂടെ തുടർന്നും വിശുദ്ധിയിൽത്തന്നെ നിലനിൽക്കാൻ നമുക്ക് കഴിയും.
5. ഉപവാസവും നോമ്പും ശരീരത്തിന്റെ ദുഷിപ്പുകൾ ഇല്ലാതാക്കി ആരോഗ്യം വീണ്ടെടുക്കാനുള്ള ഡയറ്റിന്റെ സമയമല്ലെന്നും അത് ആത്മീയവളർച്ചക്ക് വേണ്ടിയുള്ളതാണെന്നും സ്വയം ഓർമ്മപ്പെടുത്താനും ഈ ഒരുക്കം സഹായകമാകും.

**പരിഹാരം**

വലിയ നോമ്പ് പരിഹാരപ്രവൃത്തികളുടെ കൂടെ കാലമാണ്. ദൈവത്തെ മറന്നും ആത്മീയജീവിതം ഉപേക്ഷിച്ചും ചെയ്തുപോയ പാപ ങ്ങൾക്കും തെറ്റുകൾക്കും പാപപ്പൊറുതി കുന്പസാരം എന്ന കൂദാശ യിലൂടെ ലഭിക്കുമ്പോഴും നമ്മുടെ പാപങ്ങളും ദുഷ്കൃത്യങ്ങളും നിമിത്തം രൂപപ്പെട്ട മുറിവുകളെയും അസ്വസ്ഥമായ ബന്ധങ്ങളെയും പ്രപ ഞ്ചത്തെയും പ്രതി പരിഹാരപ്രവർത്തികൾ ചെയ്യാനും നാം കടപ്പെ ട്ടിരിക്കുന്നു. നമ്മുടെയും ലോകം മുഴുവന്റേയും പാപങ്ങൾക്കുവേണ്ടി പീഡകളേറ്റു കുരിശിൽ മരിച്ച ഈശോയെയാണ് പരിഹാര പ്രവർ

ത്തികളിലൂടെ നാം അനുകരിക്കുന്നത്. ഈശോ തനിക്കുവേണ്ടിയല്ല സഹനങ്ങളേറ്റെടുത്തതെങ്കിൽ നാം പരിഹാരപ്രവർത്തികളിലൂടെ സഹനങ്ങളേറ്റെടുക്കുന്നത് നമുക്കുവേണ്ടിയും ഒപ്പം ലോകം മുഴുവന് വേണ്ടിയും കൂടെയാണ്.

1. ഉപവാസം - നോമ്പിന്റെ ദിനങ്ങളിൽ സഭ ആവശ്യപ്പെടുന്ന ദിനങ്ങളിൽ മാത്രമല്ല (വിഭൂതി, ദുഖവെള്ളി) മറ്റ് ദിനങ്ങളിലും കഴിയുമെങ്കിൽ എല്ലാ വെള്ളിയാഴ്ചകളും ഉപവാസ ദിനങ്ങളായി ആചരിക്കുന്നത് നല്ലതാണ്.
2. മാംസവർജ്ജനം അല്ലെങ്കിൽ ഇഷ്ടഭക്ഷണത്തിന്റെ വർജ്ജനം - ഭക്ഷണം നമ്മുടെ ജീവിതത്തിന്റെ അവിഭാജ്യഘടകമാണ്. അതേ സമയം തന്നെ അതൊരു ആസക്തിയായും മാറുന്നത് നാം കാണുന്നുണ്ട്. മാംസമോ അതുപോലുള്ള ഇഷ്ടഭക്ഷണങ്ങളോ നോമ്പിന്റെ ദിനങ്ങളിൽ വർജ്ജിക്കുന്നത് നല്ലതാണ്.
3. തഴക്കദോഷങ്ങളോട് വിട പറയുക - ശീലംകൊണ്ട് പലവിധ തിന്മകളുടെ പിടിയിൽ അകപ്പെട്ടവരാണ് നാം. മറുശീലങ്ങൾ, തീർച്ചയുള്ള തീരുമാനങ്ങൾ, പ്രത്യേക ആത്മശോധന എന്നിവ വഴി അവയിൽ നിന്ന് അകലം പാലിക്കുന്നത് നോമ്പിന് ഉചിതമായ പരിഹാര പ്രവൃത്തിയിൽപ്പെടുന്ന കാര്യമാണ്.
4. ആശയടക്കം - ഇഷ്ടമുള്ള കാര്യങ്ങൾ വേണ്ടെന്നുവക്കുന്നത് സ്വയം നിയന്ത്രണം ശീലമാക്കാനും തെറ്റിലേക്ക് വഴുതിവീഴുന്ന സാഹചര്യങ്ങളെ ഇല്ലാതാക്കാനും സഹായകരമാണ്.
5. വിശുദ്ധ കുർബാന, യാമപ്രാർത്ഥനകൾ, കുടുംബപ്രാർത്ഥന, വിശുദ്ധ ഗ്രന്ഥ പാരായണം, വ്യക്തിപരമായ പ്രാർത്ഥന, ആത്മീയഗ്രന്ഥങ്ങളുടെ പാരായണം - ഇവ ശീലമാക്കുന്നതും ഇവക്ക് പ്രത്യേക സമയം നിശ്ചയിക്കുന്നതും നല്ലത്.
6. കുരിശിന്റെ വഴി പ്രാർത്ഥന - കഴിയുമെങ്കിൽ എല്ലാ ദിവസവും അല്ലെങ്കിൽ വെള്ളിയാഴ്ചകളിൽ കുരിശിന്റെ വഴി പ്രാർത്ഥന ചൊല്ലുന്നത് നോമ്പുകാലത്തിന്റെ ചൈതന്യത്തിൽ നിലനിൽക്കുന്നതിന് ഏറെ സഹായകമാണ്. പരിഹാരപ്രവർത്തിയാണ്.
7. തീർത്ഥാടനങ്ങൾ, വാർഷികധ്യാനങ്ങൾ - തീർത്ഥാടനങ്ങളും വാർഷിക ധ്യാനങ്ങളും നടത്തുന്നതും ദിവ്യകാരുണ്യ ആരാധനാകേന്ദ്രങ്ങൾ സന്ദർശിക്കുന്നതും നിശബ്ദതയിൽ അവിടെ സമയം ചിലവഴിക്കുന്നതും നോമ്പുകാലചൈതന്യത്തിന് തികച്ചും ഉചിതമാണ്.
8. സംസാരം നിയന്ത്രിക്കാൻ ശ്രമിക്കുന്നതും തീർച്ചയില്ലാത്ത കാര്യങ്ങൾ സംസാരിക്കാതിരിക്കുന്നതും വാക്കുകൾ ശ്രദ്ധിച്ചുപയോഗിക്കുന്നതും കൂടുതൽ സമയം നിശബ്ദതയിലായിരിക്കാൻ ശ്രമിക്കുന്നതും ഫോൺ, ഇൻറർനെറ്റ്, ടെലിവിഷൻ എന്നിവയുടെ ഉപയോഗം പരിമിതപ്പെടുത്തുന്നതും നോമ്പുകാലചൈതന്യത്തിൽ നിലനിൽക്കാൻ അത്യുത്തമം.

പ്രിയമുള്ളവരെ, ഏവർക്കും വലിയ നോമ്പിന്റെ ആത്മീയനന്മകൾ നേരുന്നു. ഈ അൻപതു ദിവസത്തെ ആത്മീയയാത്രയിൽ നമുക്ക് പരസ്പരം പ്രാർത്ഥിക്കാം... അവനൊടൊപ്പം ഉണർന്നിരിക്കാം... അവന്റെ സഹനങ്ങളെ പ്രതി കൂടുതൽ നിശബ്ദരാകാം...

# ശരീരഭാഷ

ശരീരഭാഷയും ജീവിതവിജയവുമായി എന്താണ് ബന്ധം എന്ന് നിങ്ങൾ ആലോചിക്കുന്നുണ്ടാകും.വലിയ ബന്ധം തന്നെ ഉണ്ട്.ഒരുവന്റെ ജീവിതത്തിൽ ആശയവിനിമയത്തിന് എത്രമാത്രം പ്രാധാന്യമുണ്ടോ അത്രതന്നെ ശരീരഭാഷക്കും പ്രസക്തിയുണ്ട്.

ചില ഉദാഹരണങ്ങൾ പറയാം :

ചടുലമായ നടത്തം

ആത്മവിശ്വാസത്തെ സൂചിപ്പിക്കുന്നു.ക്ലാസിലെ അലസമായ ഇരുപ്പ് ആ ക്ലാസ് മടുപ്പുണ്ടാക്കുന്നു എന്ന് സൂചിപ്പിക്കുന്നു.നഖം കടിക്കൽ,കാലാട്ടൽ എന്നിവ ക്ഷമയില്ലായ്മയെ സൂചിപ്പിക്കുന്നു.

അങ്ങനെ നാം അറിയാതെ തന്നെ നമ്മെ പറ്റി ഒരു ധാരണ ശരീര ഭാഷയിലൂടെ നാം മറ്റൊരാൾക്ക് കൈമാറുന്നുണ്ട്.

*First impression is the best impression*

എന്ന വാചകം

നമുക്കേവർക്കും സുപരിചിതമാണ്.

ആലോചിച്ചുനോക്കൂ.

ആദ്യമായി ഒരാളെ കാണുമ്പോൾ നാം എന്തെല്ലാമാണ് ശ്രദ്ധിക്കുന്നത്. വേഷവിധാനം, സംസാരം, ചലനങ്ങൾ എന്നിവയൊക്കെ നമ്മുടെ ശ്രദ്ധയ്ക്ക് ഇടയാകും. ഒരു പുഞ്ചിരി പോലും സൗഹൃദത്തിന് തുടക്കം കുറിക്കുന്നു എന്ന് ഏവർക്കുമറിയാമല്ലോ?.

ഒരാളോട് സംസാരിക്കുമ്പോൾ നാം ശ്രദ്ധിക്കുന്നു എന്നു കാണിക്കാനായി തല കുലുക്കിയാൽ സംസാരിക്കുന്നയാളിൽ അതു വല്ലാത്ത ആത്മ വിശ്വാസം ഉണ്ടാക്കും.അതേസമയം അദ്ദേഹത്തിന്റെ മുഖത്തു നോക്കാതെ മറ്റു പലയിടത്തും നോക്കുന്നത് അദ്ദേഹത്തെ തളർത്തുകയും ചെയ്തേക്കാം. മറ്റൊരാളിന് ആത്മവിശ്വാസം നൽകുവാനും അതുപോലെതന്നെ ഒരുവന്റെ മേന്മകളെ മറ്റൊരാളിനെ അറിയിക്കുവാനും ഏറ്റവും ഉചിതമായ വഴിയാണ് ശരീരഭാഷ. ആയിരം തല്ലിനേക്കാൾ കുട്ടിയെ നോവിക്കുന്നത് ദേഷ്യത്തിൽ ഉള്ള നോട്ടമായിരിക്കും.

ശരീരഭാഷയിലും വിദഗ്ധമായി ആശയവിനിമയം നടത്തുവാൻ ചെറിയ ചെറിയ പരിശീലനം കൊണ്ട് കഴിയും.

1. സ്വയം കണ്ണാടിയിൽ നോക്കി നിങ്ങളുടെ ചലനങ്ങൾ സൂക്ഷ്മമായി പരിശോധിക്കുക.
2. മറ്റുള്ളവരെ ശ്രദ്ധിക്കുക. ശരീര ഭാഷയിലൂടെ അവരെന്താവും സംസാരിക്കുന്നത്, ചിന്തിക്കുന്നത് എന്ന് ഊഹിക്കുക.

ഒരാളുടെ ആശയവിനിമയത്തിൽ 70% ശരീരഭാഷയും ബാക്കി സംസാരവുമാണെന്ന് പറയപ്പെടുന്നു. നടക്കുന്നതും ഇരിക്കുന്നതും പുഞ്ചിരിക്കുന്നതും കൈ കൊടുക്കുന്നതും നോക്കുന്നതുമൊക്കെ വിനിമയം തന്നെയാണ്. ഇതിലെല്ലാം ആത്മ വിശ്വാസവും പ്രത്യാശയും ഊഷ്മളതയും തങ്ങിനില്ക്കുന്നതാണെങ്കിൽ അത് ജീവിത വിജയത്തിനും അഭിവൃദ്ധിക്കും ഇടയാക്കും. നമ്മളറിയാതെ തന്നെ ശരീരം സംസാരി ക്കുന്നുണ്ടെന്നകാര്യം മറക്കാതിരിക്കാം. മനസ്സിലുള്ളത് മുഖഭാവ ത്തിലൂടെയും ശരീര ഭാവങ്ങളിലൂടെയും പുറത്തേക്ക് വരും. എത്ര മറയ്ക്കാൻ ശ്രമിച്ചാലും അത് വിജയിക്കണമെന്നില്ല.

അതിനാൽ വിജയിയുടെ ഭാവങ്ങൾ മനസ്സിലുണ്ടാകണം. ആത്മവിശ്വാ സത്തിന്റെയും പ്രത്യാശയുടെയും ഭാഷയാകട്ടെ ശരീരം സംസാരി ക്കുന്നത്. ഇന്റർവ്യൂവിന് ചെന്നിരിക്കുമ്പോളോ ബോഡിനു മുന്നിൽ നിൽക്കുമ്പോഴോ മാത്രമല്ല ശരീരഭാഷക്ക് പ്രസക്തി. അത് ജീവിതം മുഴുവൻ പിന്തുടരേണ്ടതാണ്.

വിവിധതരം ശരീര ഭാഷകളുണ്ട്. കണ്ണ്, മുഖം, കൈകാലുകൾ, നടത്തം, ഇരിപ്പ് എന്നിങ്ങനെ വൈവിധ്യമാർന്ന വിധത്തിൽ നാം വിനിമയം നടത്തുന്നു. നാം എത്ര മറച്ചുപിടിക്കാൻ ശ്രമിച്ചാലും വിവിധ ശരീര ഭാഷകൾ പുറത്തുവരുമെ ന്നതാണ് വാസ്തവം.

എന്നാൽ ഏതെങ്കിലും ഒറ്റപ്പെട്ട ആംഗ്യ ചലനത്തെ അടിസ്ഥാനമാക്കി നാം വിലയിരുത്തൽ നടത്തുകയുമരുത്. ഉദാഹരണത്തിന് മൂക്ക് ചൊറിയുന്നത് ശരീരഭാഷാ ശാസ്ത്രപ്രകാരം കള്ളം പറയുന്നതിന്റെ ലക്ഷണമാണ്. എന്നാൽ അസ്വസ്ഥത തോന്നിയതുകൊണ്ടും അങ്ങനെ ചെയ്യാം. അതിനാൽ ആംഗ്യസമുച്ചയങ്ങളുടെ അടിസ്ഥാനത്തിലാകണം വില യിരുത്തൽ നടത്തേണ്ടത്.

## മരിയൻ വോയ്സ് ബൈബിൾ ക്വിസ് അറിയിപ്പ്


മരിയൻ വോയ്സ് ബൈബിൾ ക്വിസ് അതാത് മാസത്തെ ഉത്തരങ്ങൾ ഒരു വെള്ളക്കടലാസിൽ പേര്,വീട്ടുപേര്,യൂണിറ്റ് എന്നിവയെഴുതി പള്ളിയിൽ വെച്ചിരിക്കുന്ന ബോക്സിൽ നിക്ഷേപിക്കുകയോ 9567690264 എന്ന വാട്സ്ആപ്പ് നമ്പറിൽ അയയ്ക്കുകയോ ചെയ്യാവുന്നതാണ്.

നിങ്ങൾക്കറിയാമോ?

# വി.യൗസേപ്പിതാവ്



1. വിശുദ്ധ യൗസേപ്പ് ജനിച്ച വർഷം ഏതാണെന്നാണ് കരുതപ്പെടുന്നത്?
♦ഏകദേശം ബിസി 25
2. വിശുദ്ധ യൗസേപ്പിതാവ് ജനിച്ച തെവിടെയെന്ന് കരുതപ്പെടുന്നു?
♦ബത്‌ലഹേമിൽ
3. വി. യൗസേപ്പിന്റെ ഗോത്രം?
♦യൂദാ ഗോത്രം.
4. വിശുദ്ധ മത്തായിയുടെ സുവിശേഷമനുസരിച്ച് വി.യൗസേപ്പിതാവിന്റെ പിതാവ് ആര്?
♦യാക്കോബ് (മത്താ 1:16)
5. വി.യൗസേപ്പിന്റെ സഹോദരന്റെ പേര്?
♦അൽപപ്പേയൂസ് എന്ന് വിളിക്കപ്പെടുന്ന ക്ളയൊഫസ്.
6. വി.യൗസേപ്പിനെ കുറിച്ച് ചില പാരമ്പര്യങ്ങൾ വിവരിച്ചിട്ടുള്ള പുസ്തകം?
♦ഇസലാനോയുടെ 'വിശുദ്ധ യൗസേപ്പിന് ലഭിച്ച ദാനങ്ങൾ'
7. വിശുദ്ധ മത്തായിയുടെ സുവിശേഷമനുസരിച്ച് ദൂതൻ എത്രതവണ യൗസേപ്പിതാവിന് പ്രത്യക്ഷപ്പെട്ടു?
♦നാലുതവണ.
8. ഈശോയ്ക്ക് എത്ര വയസ്സുള്ളപ്പോഴാണ് വി. യൗസേപ്പ് മരിച്ചതെന്ന് കരുതപ്പെടുന്നത്?
♦ 15 വയസുള്ളപ്പോൾ
9. കുടുംബനാഥൻ മാരുടെ മധ്യസ്ഥൻ?
♦വിശുദ്ധ യൗസേപ്പ്
10. തിരുസഭാ നന്മരണ മദ്ധ്യസ്ഥനായും സഭയുടെ പൊതു മധ്യസ്ഥനായും വണങ്ങുന്നത് ആരെ?
♦വിശുദ്ധ യൗസേപ്പിനെ.
11. വിശുദ്ധ യൗസേപ്പിനെ തൊഴിലാളികളുടെ മദ്ധ്യസ്ഥനായി പ്രഖ്യാപിച്ച മാർപാപ്പ?. എന്ന്?
പന്ത്രണ്ടാം പീയൂസ് പാപ്പാ,1955 മെയ് 01.
13. തിരുനാൾ ദിനം?
മാർച്ച് 19.
14. ആഗോള സഭയുടെ മധ്യസ്ഥനായി വിശുദ്ധ യൗസേപ്പിനെ പ്രഖ്യാപിച്ച പാപ്പാ?എന്ന്?
പീയൂസ് ഒമ്പതാമൻ പാപ്പാ. 1870 ഡിസംബർ 08.



വിശുദ്ധരിലൂടെ

# വിശുദ്ധ ആൽബിനൂസ്




പുരാതന കുടുംബത്തിലായിരുന്നു വിശുദ്ധ അൽബിനൂസ് ജനിച്ചത്. തന്റെ ബാല്യത്തിൽ തന്നെ അപാരമായ ദൈവഭക്തി വിശുദ്ധൻ കാത്തു സൂക്ഷിച്ചിരുന്നു. യുവാവായിരിക്കെ, തന്റെ മാതാപിതാക്കളുടെ ആഗ്രഹത്തിന് എതിരായി, വിശുദ്ധൻ ടിൻടില്ലന്റ് ആശ്രമത്തിൽ ചേർന്നു. അൽബിനൂസ് ആശ്രമജീവിതത്തിന്റെ എല്ലാ കഠിനതയും അദ്ദേഹം സ്വീകരിക്കുകയും യാതൊരു പരാതിയും കൂടാതെ എളിമയുടെ ജീവിതം നയിക്കുകയും ചെയ്തു. 'യേശുവിനു വേണ്ടി ജീവിക്കുക' എന്നതായിരുന്നു വിശുദ്ധന്റെ ഉള്ളിൽ ജ്വലിച്ചുകൊണ്ടിരുന്ന ആഗ്രഹം. പ്രാർത്ഥനയോടുള്ള പരിപൂർണ്ണ അർപ്പണവും, മാതൃകാപരമായ ജീവിതവും മൂലം വിശുദ്ധൻ മറ്റു സന്യാസിമാരുടെ ബഹുമാനത്തിനു പാത്രമായി. അദ്ദേഹത്തിന് 35 വയസ്സ് മാത്രം പ്രായമുള്ളപ്പോൾ ടിൻടില്ലന്റ് ആശ്രമാധിപനായി വിശുദ്ധൻ നിയമിതനായി. അദ്ദേഹത്തിന്റെ നല്ല ഭരണത്തിൻ കീഴിൽ ആ ആശ്രമം വളരെയേറെ വികസിക്കുകയും അവിടത്തെ സന്യാസിമാർ വിശുദ്ധന്റെ ആദ്ധ്യാത്മികതയാൽ പരിപോഷിക്കപ്പെടുകയും ചെയ്തു.

25 വർഷത്തോളം ആശ്രമാധിപതിയായി ചിലവഴിച്ചതിനു ശേഷം 529–ൽ ആഞ്ചേഴ്സിലെ മെത്രാനായി വിശുദ്ധൻ നാമകരണം ചെയ്യപ്പെട്ടു. രാജ്യഭരണാധികാരികൾ പലപ്പോഴും വിശുദ്ധന്റെ അഭിപ്രായങ്ങൾ ആരാഞ്ഞിരുന്നുവെങ്കിലും അദ്ദേഹം ഒരിക്കലും തന്റെ എളിമ കൈവെടിഞ്ഞിരുന്നില്ല. ഒരു മെത്രാനെന്ന നിലയിൽ അൽബിനൂസ് തന്റെ ദൈവജനത്തിൻ്റെ ക്ഷേമത്തിനായി അക്ഷീണം പരിശ്രമിച്ചു. അവർക്ക് നല്ല മാർഗ്ഗനിർദ്ദേശങ്ങൾ നൽകി.

രാജാവായ ചിൽഡെബെർട്ടിന്റെ സഹായത്തോടെ വിശുദ്ധൻ ഒർലീൻസിൽ രണ്ടു ആലോചനാ സമിതികൾ വിളിച്ചു കൂട്ടുകയും, കുടുംബങ്ങളിൽ നടന്നു വന്നിരുന്ന നിഷിദ്ധമായ വിവാഹങ്ങളെ അദ്ദേഹം എതിർക്കുകയും ചെയ്തു. ഇതിനിടെ വിശുദ്ധന്റെ രൂപത വിജാതീയരാൽ ആക്രമിക്കപ്പെടുകയും, നിരവധി പൗരൻമാർ അടിമകളാക്കപ്പെടുകയും ചെയ്തു.

ആ സമയങ്ങളിൽ വിശുദ്ധ അൽബിനൂസ് മോചനദ്രവ്യം നൽകി നിരവധി അടിമകളെ മോചിപ്പിക്കുകയും, ദരിദ്രർക്കും രോഗികൾക്കും ഉദാരമായ സംഭാവനകൾ നൽകുകയും ചെയ്തു.

നിരവധി അത്ഭുതങ്ങൾ വിശുദ്ധ അൽബിനൂസിന്റെ പേരിലുണ്ട്. ഇതിൽ ഒരു ഐതിഹ്യമനുസരിച്ചു, വളരെ ക്രൂരമായ പീഡനങ്ങൾക്ക് വിധേയരായി കൊണ്ടിരുന്ന ചില തടവുകാരുടെ മോചനം വിശുദ്ധന് നേടുവാൻ കഴിയാതെ വന്നപ്പോൾ വിശുദ്ധൻ ആ തടവറയുടെ മുന്നിൽ നിന്നു പ്രാർത്ഥിക്കുകയും ഉടനെ തന്നെ ഒരു ഭയങ്കര ഉരുൾപൊട്ടൽ ഉണ്ടാവുകയും തന്മൂലം തടവറ തകർന്ന് അതിലെ തടവുകാരെല്ലാം രക്ഷപ്പെടുകയും ചെയ്തു.

ആ തടവുകാർ പിന്നീട് ക്രിസ്ത്യാനികളാവുകയും അനേകർക്ക് മുന്നിൽ മാതൃകാപരമായ ജീവിതം നയിക്കുകയും ചെയ്തു. ആങ്ങേഴ്സിലെ അദ്ദേഹത്തിന്റെ കബറിടത്തിനു മുകളിൽ വിശുദ്ധന്റെ പേരിൽ, വിശുദ്ധ അൽബിനൂസ് ആശ്രമം നിർമ്മിച്ചു. ഇത് പിന്നീട് ലോകപ്രസിദ്ധമായ തീർത്ഥാടനകേന്ദ്രമായി മാറി.

## വിശ്വാസ പരിശീലന വാർത്തകൾ – മാർച്ച് 2022

1. ഫെബ്രുവരി 12,20,27 ദിവസങ്ങളിലായി വിദ്യാർത്ഥികളുടെ വിശ്വാസപരിശീലന പരീക്ഷകൾ അവസാനിച്ചു.
2. STD 1 മുതൽ XI ഉൾപ്പെടെയുള്ള വിശ്വാസപരിശീലന വാർഷിക പരീക്ഷകളുടെ കേന്ദ്രീകൃത മൂല്യനിർണയം മാർച്ച് 6ന് രാവിലെ 9.30 മുതൽ വൈകീട്ട് 5 മണി വരെ പള്ളിയിൽ വച്ച് നടത്തപ്പെടുന്നു.

   എല്ലാ വിശ്വാസപരിശീലകകരും ഇതിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.
3. STD I മുതൽ XI ഉൾപ്പെടെയുള്ള വിശ്വാസപരിശീലന വാർഷിക പരീക്ഷകളുടെ ഫലം മാർച്ച് 13ന് പ്രസിദ്ധീകരിക്കുന്നതായിരിക്കും.

   ഈ ക്ലാസ്സിൽ വാർഷിക പരീക്ഷകൾ എഴുതാത്തവർക്കും പരീക്ഷയിൽ തോറ്റവർക്കും ഉള്ള പുനർ പരീക്ഷകൾ മാർച്ച് 20ന് ഉച്ച തിരിഞ്ഞ് രണ്ടു മുതൽ നാലു മണി വരെ പള്ളിയിൽ വെച്ച് നടത്തുന്നതാണ്.

## കരുവാൻകാട് സെ. ജോർജ്ജ് കപ്പേളയിൽ വി. കുർബാന

കരുവാൻകാട് സെന്റ് ജോർജ്ജ് കപ്പേളയിൽ മാർച്ച് 19 ശനിയാഴ്ച വൈകിട്ട് 5:30 ന് വിശുദ്ധ കുർബാന, ലദീഞ്ഞ്, നൊവേന ഉണ്ടായിരിക്കുന്നതാണ്. കാർമ്മികൻ വികാരി റവ. ഫാ. തോമസ് ചൂണ്ടൽ. എവർക്കും സ്വാഗതം.

സെന്റ് റീത്ത യൂണിറ്റ്, കരുവാൻകാട്.

# ജയിക്കണം എല്ലാവരും

സ്ഥിരമായി ഗോതമ്പ് കൃഷി ചെയ്യുന്ന ഒരു കർഷകൻ എല്ലാവർഷവും കാർഷികമേളയിൽ പങ്കെടുക്കുമായിരുന്നു. മികച്ച ഉൽപന്ന ത്തിനുള്ള സമ്മാനം ഇദ്ദേഹത്തിനാണ് തുടർച്ചയായി ലഭിക്കാറ്. കൃഷിക്കുപയോഗിക്കുന്ന വിത്ത് മറ്റു കർഷകരുമായി അദ്ദേഹം പങ്കുവയ്ക്കുമായിരുന്നു

ഒരു പത്ര പ്രതിനിധി അദ്ദേഹത്തോട് ചോദിച്ചു' മറ്റു കർഷകരും താങ്കളുമായി മത്സരിക്കുന്നുണ്ട്. എന്നിട്ടും താങ്കളുടെ കൈയ്യിലുള്ള അത്യുൽപാദന ശേഷിയുള്ള വിത്തുകൾ എന്തിനാണ് അവരുമായി പങ്കുവയ്ക്കുന്നത്.? ' കർഷകന്റെ മറുപടി

'ഗോതമ്പ് വിളഞ്ഞു നിൽക്കുമ്പോൾ കാറ്റ് വഴിയാണ് പരാഗണം നടക്കുന്നത്. അടുത്തുള്ള കർഷകൻ നിലവാരം കുറഞ്ഞ വിത്ത് ഉപയോഗിച്ചാൽ പരാഗണം നടക്കുമ്പോൾ എന്റെ കൃഷിയുടെയും ഗുണമേന്മ കുറയും. എന്നാൽ എല്ലാവരുടെയും ഗോതമ്പ് ഉയർന്ന നിലവാരം പുലർത്തിയാൽ എന്റെ വയലിലേതും ഗുണമേന്മയുള്ളതാ യിരിക്കും '.

മറ്റുള്ളവരെ തോൽപ്പിക്കുന്നത് അല്ല വിജയം. ഒരാൾ ജയിക്കാൻ എതിരാളി തോൽക്കണം എന്ന് നിർബന്ധമില്ല. പൂർണമായും സ്വന്തം എന്ന് അവകാശപ്പെടാൻ ആർക്കും ഒന്നുമില്ല. ഓരോരുത്തരും വേരൂന്നുന്നതും പടർന്നു പന്തലിക്കുന്നതും അവരുടെ ചുറ്റുപാടുകളിലാണ്. ഒരാൾ ജീവിക്കുന്ന പരിസരത്തിന്റെ ഗുണമേന്മ അയാളുടെ ജീവിതത്തിലുണ്ടാകും. ജീവവായു പോലും ജീവിക്കുന്ന അന്തരീക്ഷത്തിലെ സംഭാവന ആകുമ്പോൾ പിന്നെന്തിനെക്കുറിച്ചാണ് എന്റെത് എന്നു പറഞ്ഞ് അഹങ്കരിക്കാനാവുക?എല്ലാവരും വളരണം. എല്ലാവരും വിജയിക്കണം.

സ്വയം വിജയിക്കുന്നത് കഴിവ്. മറ്റുള്ളവരെ വിജയിക്കാൻ അനുവദിക്കുന്നത് കനിവ്.

## അറിയിപ്പ്

മരിയൻ വോയ്സ് എല്ലാമാസവും സൗജന്യമായാണ് ഇടവ കാംഗങ്ങളുടെ കൈകളിലെത്തുന്നത്. പ്രിന്റിംഗിനും ഡിസൈൻ വർക്കിനും മറ്റും ഇടവക അംഗങ്ങളിൽ നിന്നും ലഭിക്കുന്ന പരസ്യങ്ങളെ ആശ്രയിച്ചാണ് മുന്നോട്ടുപോകുന്നത്.ഈയവസരത്തിൽ നിങ്ങളുടെ വിശേഷദിനങ്ങൾ മരിയൻ വോയ്സിൽ പരസ്യം തന്ന് സഹകരി ക്കുമല്ലോ...

**ബന്ധപ്പെടുക. 9846342782**

# Wedding

24 January 2022



## Sibi

S/o. Mrs. Mini Simon &
Mr. P.D. Simon
Pulicken House, Ponganamkadu,
Kurichikara P.O.

## Sandra

D/o. Mrs. Julie Raphy &
Mr.Raphy Malayattil,
Malayattil House,
Amballur, Alagapanagar





Baptism
20/2/2022
Augustine Antony
Baptism
of
Antony


Baptism
27/02/2022
Aaron Ezio Alston
S/o. Alston Anjalose
Pulikkottil house


Christening
13-02-2022
Maria Esther Glaxon Correya



# ഫാ. ജോസഫ് പുത്തൻപുരക്കൽ അച്ചന്റെ

# തമാശകൾ

❖ നല്ല ഭാര്യാഭർത്താക്കന്മാർ ഉറങ്ങാൻ പോകുന്നതിനു മുമ്പ് 15 മിനിറ്റ് അടുത്തിരുന്ന് പരസ്പരം സംസാരിക്കണം. അപ്പോൾ ഒരു സ്ത്രീയുടെ പ്രതികരണം. 15 മിനിറ്റു പോയിട്ട് അഞ്ചു മിനിട്ട് എന്റെ ഭർത്താവ് എന്നോടു സംസാരിക്കാറില്ല. രാത്രിയാകുമ്പോൾ മൂന്ന് അടിയുടെ കാര്യം പറയും.

ഞാൻ ചോദിച്ചു: അതെന്താ?
അവർ പറഞ്ഞു: പ്രാർത്ഥിക്കടി, ചോറുവിളമ്പടി, പായ് വിരിക്കടി.

❖ ഒരു യുവാവ് ഷോപ്പിൽ ചെന്നു ചോദിക്കുന്നു. നിന്നെ മാത്രം ഞാൻ സ്നേഹിക്കുന്നു. എന്നു പ്രിന്റു ചെയ്ത ആശംസാ കാർഡുണ്ടോ? ഷോപ്പുടമ അകത്തു ചെന്ന് അങ്ങനെ എഴുതിയ ഒരു കാർഡ് കൊണ്ടു വന്നു കൊടുത്തു. അവൻ വീണ്ടും ചോദിക്കുകയാണ്. ഇങ്ങനെ പ്രിന്റു ചെയ്ത കുറെ കാർഡുകൾ തരാമോ?

❖ വിവാഹം കഴിഞ്ഞ് 25 വർഷം പൂർത്തിയാക്കിയിട്ടും പര്സപരം കലഹിക്കാത്ത ദമ്പതികളുണ്ടോ എന്നൊരു സർവേ നടത്തി. രണ്ടു ചീത്തവാക്കെങ്കിലും പറയാത്ത ദമ്പതിമാരെ കണ്ടെത്താനായില്ല. അവസാനം ഒരു ഗ്രാമത്തിൽ ഒരു ഭർത്താവിനെയും ഭാര്യയെയും കണ്ടെത്തി. വിവാഹം കഴിഞ്ഞ് 27 വർഷമായിട്ടും കലഹിക്കാതെ ജീവിക്കുന്നവർ. അവർക്ക് 5000 രൂപയും പ്രശംസാപത്രവും കൊടുക്കുവാൻ തീരുമാനമായി.

അവാർഡുദാനച്ചടങ്ങിൽ വച്ച് ചെയർമാൻ പറഞ്ഞു: 27 വർഷമായി പിണങ്ങാതെയും കലഹിക്കാതെയും ജീവിക്കുവാൻ നിങ്ങൾക്ക് എങ്ങനെ സാധിച്ചുവെന്ന് ഈ സമൂഹത്തോട് പറയുക: കുടുംബനാഥൻ ഇങ്ങനെയാണ് മറുപടി പറഞ്ഞത്: വിവാഹത്തിന്റെ ആദ്യരാത്രിയിൽ ഞാൻ പറഞ്ഞു, അടിക്കാനും ഇടിക്കാനും, തൊഴിക്കാനും തോന്നിയാൽ ഞാൻ വീടിന്റെ വരാന്തയിൽ ഇറങ്ങിനിൽക്കും. നീ മുറി അകത്തുനിന്നും പൂട്ടിയിടുക. കൺട്രോളോടെ സംസാരിക്കാൻ എനിക്ക് എപ്പോൾ തോന്നുമോ അപ്പോൾ ഞാൻ വാതിലിൽ മുട്ടും. നീ

വാതിൽ തുറക്കുകയും ഞാൻ നിനക്കൊപ്പം ഉള്ളിൽ വരികയും ചെയ്യും. കഴിഞ്ഞ 27 വർഷവും ഞങ്ങളങ്ങനെ ജീവിച്ചു. ഇപ്പോൾ എന്തിനു വേണ്ടിയാണ് ഈ അവാർഡ് എന്നു ചോദിച്ചാൽ കഴിഞ്ഞ 27 വർഷമായി ഞാൻ വീടിന്റെ വരാന്തയിൽ തന്നെ നിൽക്കുകയാണ്. അതിനുള്ള പുരസ്കാരം എന്നു കരുതി ഏറ്റുവാങ്ങുന്നു.

❖ ഒരു വീടിനകം ചന്തസ്ഥലം പോലെ കിടക്കുമ്പോൾ ഭാര്യയെ കുറ്റപ്പെടുത്തുന്ന ഭർത്താവ് ഓർക്കണം, അവനും അതിൽ പങ്കുണ്ടെന്ന്. അവൻ അൽപംകൂടി ശ്രദ്ധിച്ചിരുന്നെങ്കിൽ കൂടുതൽ വൃത്തിയോടെ ഈ വീടിനെ സൂക്ഷിക്കാം. അകാരണമായി ഭർത്താവിനെ കുറ്റപ്പെടുത്തുന്നതിൽ നിന്നും ഭാര്യ പിന്മാറണം. അത്തരം രീതിയിലേക്ക് അവൾ തന്റെ രീതികളെ മാറ്റണം. ദമ്പതികൾ ഓരോരുത്തരും തന്നിലുള്ള നന്മകളുടെയും കുറവുകളുടെയും എണ്ണം ശാന്തമായിരുന്നു കണ്ടെത്തണം. ആദ്യം തന്നെ കുറവുകളെ കണ്ടെത്തുക..

❖ സമൂഹത്തിൽ വളരെ ശ്രദ്ധിക്കപ്പെടുന്ന വ്യക്തികളുടെ വിവാഹത്തെ എല്ലാവരും ഉറ്റു നോക്കുന്നു. അവരുടെ ദാമ്പത്യജീവിതം തകരുമ്പോൾ യുവജനങ്ങളുടെ വിവാഹ സങ്കൽപ്പങ്ങളാണ് വീണുടയുന്നത്. വാക്കു മാറുന്ന, വാഗ്ദാനം മറക്കുന്ന ദാമ്പത്യജീവിതങ്ങൾ ഇന്നു വർധിച്ചു വരുന്നു. മാരകമായ രോഗം ബാധിച്ച് ഒരു ഭാര്യ മരണാസന്നയായി കിടക്കുകയാണ്. താൻ വേർപെട്ടു കഴിയുമ്പോഴും ഈ ഭർത്താവിന്റെ ഏകാന്തതയെക്കുറിച്ചാണ് അവളുടെ ദുഃഖം. ഒരു ദിവസം അവളെ ശുശ്രൂഷിച്ചു കൊണ്ടിരിക്കുമ്പോൾ അവൾ പറഞ്ഞു:
ഞാൻ മരിച്ചു കഴിഞ്ഞു കൃത്യം ഒന്നാം വാർഷികം കഴിയുമ്പോൾ ചേട്ടൻ പോയി ഇഷ്ടമുള്ള പെണ്ണിനെ കെട്ടിക്കൊള്ളുക. ഞാൻ മുകളിലിരുന്ന് അനുഗ്രഹിച്ചുകൊള്ളാം.
അവൻ പറഞ്ഞു:
എടീ ചങ്കിൽ കൊള്ളുന്ന വർത്തമാനം നീ പറയരുത്. നിന്റെ മുഖമല്ലാതെ മറ്റൊരു മുഖം എനിക്ക് ഓർക്കാൻ പറ്റുമോ? നിന്റെ സ്വരമല്ലാതെ മറ്റൊരു സ്വരം എനിക്ക് ചിന്തിക്കാൻ പറ്റുമോ?
അവൾ വീണ്ടും പറഞ്ഞു:
എന്റെ ഈ കമ്മൽ ചേട്ടൻ അവളുടെ കാതിലിടണം. എന്റെ ഈ മൂക്കുത്തി അവളുടെ മൂക്കിലിടണം. എന്റെ പാദസ്വരം അവളുടെ കാലിലിടണം. എന്റെ ഈ വളകൾ അവളുടെ ഇടതു കയ്യിലിടണം.
അപ്പോൾ അവൻ അറിയാതെ പറഞ്ഞു പോയി: എടീ ഈ വളകൾ അവളുടെ കൈകൾക്ക് ചേരുമെന്നു തോന്നുന്നില്ല.

സമ്പാ: **വില്ലി ചിറ്റിലപ്പിള്ളി**

ചെറുകഥ

# പ്രതീക്ഷതൻ അകലെ ഒരു ലോകം



ചിപ്പി പോൾ

ഞാൻ ഇപ്പോൾ എവിടെയാണ്? എന്താണ്? ഒന്നുമറിയില്ല. മങ്ങിയ വെളിച്ചം മാത്രം.ഗോളാകൃതിയിലുള്ള ഒരു ആവരണം എന്നെ ചുറ്റി നിൽക്കുന്നു. ചുറ്റും ചില സംസാരങ്ങൾ. അതിൽ നിന്നൊക്കെയും വ്യത്യസ്തമായ, എന്നാൽ എനിക്ക് പ്രിയങ്കരമായ ഒരു ശബ്ദത്തെ ഞാൻ കണ്ടെത്തി. ആ ശബ്ദം.... അതെ.. അതെന്റെ അമ്മയുടേതായിരുന്നു. ആ ശബ്ദത്തിലൂടെ ഞാൻ എന്നെ അറിഞ്ഞു. ഞാൻ ഒരു കുഞ്ഞാണ്. എന്റെ വരവും കാത്തിരിക്കുകയാണ് എന്റെ അമ്മ.

ഹായ്! എത്ര ഭാഗ്യവതിയാണ് ഞാൻ. ഒരു പുതിയ ലോകം എനിക്കു മുന്നിൽ തുറക്കപ്പെടാൻ ഇനി ഏതാനും മാസങ്ങൾ മാത്രം. എനിക്ക് ഏറ്റവും പ്രിയപ്പെട്ട അമ്മയെ കാണാനും അമ്മയുടെ തലോടലുകൾ ഏറ്റുവാങ്ങാനും കുറച്ചു മാസങ്ങൾ കൂടി കാത്തിരുന്നാൽ മതി. അവ്യക്തമായ ഭാഷയി ലൂടെയാണെങ്കിൽപ്പോലും ഞാനെന്റെ അമ്മയോട് എന്റെ സന്തോഷം പങ്കുവച്ചു. നിങ്ങൾക്കറിയോ? ‘എന്റെ അമ്മയ്ക്ക് എന്നെ വല്ല്യ ഇഷ്ടാ’. എപ്പോഴും എന്നെ തലോടും , കൊഞ്ചിക്കും , കിന്നാരം പറയും , കളിക്കും, ചിരിക്കും, പാട്ടുപാടിത്തരുകയുമൊക്കെ ചെയ്യും. ഉണരുമ്പോഴും ഉറങ്ങുമ്പോഴുമൊക്കെ ആ ശബ്ദം എന്റെ കാതുകളിൽ മുഴങ്ങിയിരുന്നു. ആ ഏകാന്തതയിലും എന്നെയും തേടി കളിചിരികളുടെ നാളുകളുമായി ആ അമ്മ എത്തി. എന്റെപ്രതീക്ഷകൾക്കും, സ്വപ്നങ്ങൾക്കുമൊക്കെ പുതു വർണ്ണം ചാർത്തി ആ അമ്മ..... എന്റെ മാത്രം അമ്മ.

അപരിചിതമായ പല ശബ്ദങ്ങളും എനിക്ക് ചുറ്റിലും ഞാൻ കേട്ടിരുന്നു. ഒരു പക്ഷേ എന്നെ അന്വേഷിച്ചെത്തിയ ബന്ധുക്കളാകാം അവർ. അമ്മയുടെ ശബ്ദത്തിൽ വന്നിരുന്ന ചെറിയൊരു മാറ്റം പോലും എനിക്ക് അറിയാൻ കഴിഞ്ഞിരുന്നു. അമ്മ തളർന്നാൽ, തളരുന്നത് ഞാനായിരുന്നു. രണ്ടു മൂന്നു ദിവസമായി എന്റെ അമ്മ ആരോടും മിണ്ടാറേയില്ല. എന്നോടും പോലും, എപ്പോഴും ഒറ്റയ്ക്കിരുന്ന് കരച്ചിലാണ്.

'അമ്മേ, എന്തിനാ കരയുന്നെ 'എന്നു പല തവണ ചോദിച്ചെങ്കിലും അമ്മ അതൊന്നും കേട്ടതേയില്ല.എന്റെ അമ്മ കരയുമ്പോൾ ഞാൻ എങ്ങനെയാ ഇവിടെ സന്തോഷം കണ്ടെത്തുക? പാവം അമ്മ ! ' ഈശ്യരാ.. എന്റെ അമ്മയുടെ ദുഃഖം നീ കാണാതെ പോകല്ലേ.. എല്ലാത്തിനും പരിഹാരം കാണിച്ചുകൊടുക്കണെ..'.രാത്രിയിലും നിലയ്ക്കാതെ പെയ്ത കണ്ണുനീർ എന്നെ ആകെ തളർത്തി.

അടുത്ത ദിവസം, എവിടെയാണെന്നറിയില്ല. എന്നാൽ വീടല്ല.... ഉറപ്പാണ്. അപ്പോഴും അമ്മയുടെ കണ്ണുനീർ തോർന്നിരുന്നില്ല. കഴിഞ്ഞ ദിവസം രാത്രി അമ്മയുടെ കണ്ണുനീരിനു കാവലിരുന്നിട്ടാകാം, ഇപ്പോൾ എനിക്ക് നന്നായി ഉറക്കം വരുന്നു. തെല്ലുനേരം ഒന്നു മയങ്ങി. ചുറ്റു മുള്ളതൊന്നും ഞാൻ അറിഞ്ഞതേയില്ല. കണ്ണുതുറന്നപ്പോൾ എന്തോ ഒരു സാധനം എന്റെ നേരെ പതിയെ പതിയെ വരുന്നുണ്ടായിരുന്നു. അമ്മയുടെ കൈയാകുമെന്നുകരുതി ഞാൻ അതിനെ മുറുകെ പിടിച്ചു. എന്നാൽ കൈയ്യിലെ ചോരയെ വാർന്നെടുത്തുകൊണ്ട് ആ സാധനം എന്റെയടു ത്തേയ്ക്ക് വീണ്ടും വന്നു. പേടിച്ചു ഞാൻ. വേണ്ട, വേണ്ട ന്ന് ഒത്തിരി തവണ പറഞ്ഞു.' അമ്മേ.... അമ്മ കേട്ടതല്ലേ ഞാൻ വേദനകൊണ്ട് പിടഞ്ഞു കരയുന്നത് ? ' എന്നിട്ടും എന്തേ അമ്മേ അതു കാണാതെ പോയത് ? എന്റെ കരച്ചിൽ കേൾക്കാൻ ആരുമുണ്ടായിരുന്നില്ല.

അമ്മ എന്നെ കൈവിടില്ലയെന്ന പ്രതീക്ഷയോടെ ഞാനിരുന്നു. പിന്നെയും ആ കത്തി എന്നിലേയ്ക്ക് അടുത്തു അടുത്തു വന്നു............. എന്റെ നേർക്ക് വന്ന ഈ ദുരന്തത്തിലും ഞാൻ വിളിച്ചത് എന്റെ അമ്മയെ മാത്രമായിരുന്നു. ഒടുവിൽ എന്റെ ശരീരത്തെ ഇഞ്ചിഞ്ചായി കീറി നശിപ്പിച്ചപ്പോൾ പോലും'വേണ്ട' എന്നൊരു വാക്കു പറയാൻ അമ്മ തയ്യാറായില്ല. എത്ര കാണാൻ കൊതിച്ചതാ എന്റെ അമ്മയെ..... എന്നാൽ ഒരു നോക്കു പോലും കാണാൻ അനുവദിക്കാതെ നിങ്ങളെല്ലാം എന്നെ പൂർണ്ണമായും നശിപ്പിച്ചു.

ഇനി ഞാനെന്നൊരു വ്യക്തി ഈ ഭൂമിയിലില്ല. എന്നന്നേയ്ക്കുമായി പോവുകയാണ്....... .പ്രതീക്ഷകളും , സ്വപ്നങ്ങളും , ആഗ്രഹങ്ങളും ഒറ്റ നിമിഷം കൊണ്ട് ശിഥിലമായി.....! *3 മാസങ്ങൾ 3 ദിനങ്ങളായി കടന്നുപോയി , എന്നാൽ വെറും 3 നിമിഷം.....* ഞാൻ തന്നെ ഇല്ലാതായി. എന്റെ അമ്മയുടെ മുഖം ഒരിക്കൽ പോലും കാണാതെ...............

*ഞാൻ !*

# ഭാര്യയും ഭർത്താവും പരസ്പരം കലഹിക്കുന്ന ഒരു കുടുംബത്തെ എങ്ങനെ സ്വർഗ്ഗമാക്കി മാറ്റാം

അടുത്തടുത്തുള്ള രണ്ടു ഭവനങ്ങൾ. ഒന്നിൽ വസിച്ചിരുന്നത് എന്തിനും ഏതിനും ശണ്ഠകൂടുന്നവർ. ഭാര്യയും ഭർത്താവും തമ്മിൽ വഴക്കുകൂടുമ്പോൾ അന്യോന്യം കുറ്റപ്പെടുത്തുകയും ആരോപണങ്ങൾ ഉയർത്തുകയും പഴിചാരൽ നടത്തുകയും ചെയ്യും. ഇത് വല്ലപ്പോഴും ഉണ്ടാകുന്ന സംഭവമല്ല; അവരുടെ പതിവു പരിപാടിയാണ്. അത്തരം ഭവനങ്ങൾ ഇന്നത്തെ സമൂഹത്തിൽ വിരളമല്ല എന്നോർത്തുപോകുന്നു. പ്രത്യേകിച്ച് മദ്യം ആധിപത്യം പുലർത്തുന്ന ഭവനങ്ങളിൽ.

മേൽപ്പറഞ്ഞ ഭവനത്തിന്റെ സമീപത്തുള്ള ഭവനത്തിലെ അവസ്ഥ തികച്ചും വ്യത്യസ്തമായിരുന്നു. അവിടെ ശാന്തിയും സമാധാനവും സ്വസ്ഥതയും വാണരുളി. ഒരപശബ്ദവും ഒരിക്കൽപ്പോലും അവിടെ നിന്നുയർന്നില്ല. ഒരിക്കൽ ആദ്യം പരാമർശിച്ച ഭവനത്തിൽ ശണ്ഠ ഉച്ചകോടിയിൽ എത്തിനിൽക്കുമ്പോൾ അടുത്തുള്ള വീട്ടിലേക്കു വിരൽ ചൂണ്ടിക്കൊണ്ട് ഭർത്താവിനോടു ഭാര്യ ചോദിക്കുകയാണ്: 'ഹേ മനുഷ്യാ, ആ വീട്ടിലുള്ളവർ എന്തെങ്കിലും വഴക്കിട്ടു നിങ്ങൾ കേട്ടിട്ടുണ്ടോ? അവരുടെ അട്ടഹാസമോ, ശകാരവർഷമോ, എന്തെങ്കിലും നിങ്ങൾ കേട്ടിട്ടുണ്ടോ ? ഇല്ല; ഒരിക്കലും ഉണ്ടായിട്ടില്ല. നിങ്ങൾ അവിടെനിന്നു പഠിക്കണം. എങ്ങനെയാണു വഴക്കും കലഹവും കൂടാതെ ശാന്തമായി ജീവിക്കുന്നതെന്ന് അവരെ നോക്കി പഠിക്ക്!'

അതിനെതിരായി ഒന്നും പറയാൻ അയാൾ ഒരുമ്പെട്ടില്ല. അയൽക്കാരന്റെ വീട്ടിലെ ശാന്തതയും സൈ്വരതയും അയാളെയും ആകർഷിച്ചിട്ടുള്ളതാണ്; അസൂയപ്പെടുത്തിയിട്ടുമുണ്ട്. ഏതായാലും അയൽവീട്ടിലെ കാര്യം ഒന്നു ശ്രദ്ധിക്കാമെന്നു തീരുമാനിച്ചു. അയാൾ അവരുടെ ജനലരികെ നിന്ന് അകത്തേക്കു നോക്കി. അവിടെ ഭാര്യ അടുക്കളയിൽ പാചകത്തിൽ മുഴുകിയിരിക്കുന്നു. ഭർത്താവ് ഒരു മേശയുടെ മുമ്പിലിരുന്ന് ഗൗരവത്തോടും സൂക്ഷ്മതയോടും എന്തോ എഴുതിക്കൊണ്ടിരിക്കുന്നു. അപ്പോൾ അവരുടെ ടെലിഫോൺ ബെൽ മുഴങ്ങി. ഉടൻ അയാൾ ചാടിയെഴുന്നേറ്റ് ടെലിഫോൺ എടുക്കാൻ പാഞ്ഞു. ആ പോക്കിൽ അവിടെയിരുന്ന ഒരു പാത്രത്തിൽ ചവിട്ടി അത് ഉടഞ്ഞുപോയി.

അയാൾ ഉടൻ കുനിഞ്ഞ് അതിന്റെ കഷണങ്ങൾ പെറുക്കിക്കൂട്ടുവാൻ ശ്രമിച്ചു. ഉടൻതന്നെ ഭാര്യ അടുക്കളയിൽ നിന്ന് ഓടിയെത്തി കുനിഞ്ഞ് കഷണങ്ങൾ പെറുക്കുന്നതിൽ ഭർത്താവിനെ സഹായിച്ചു. അപ്പോൾ ഭർത്താവ് പറഞ്ഞു: 'എനിക്കേറെ ഖേദമുണ്ട്; ഫോൺ എടുക്കാനുള്ള തത്രപ്പാടിൽ പാത്രം കാണാതെ അതിൽ തട്ടി ഉടയുകയായിരുന്നു.' ഉടനെ ഭാര്യ പറഞ്ഞു: 'എന്റെ പൊന്നേ, അത് എന്റെ കുഴപ്പമാണ്. ഞാനാണ് ആ പാത്രം ആ വഴിയിൽ വച്ചത്. അതുകൊണ്ടാണ് നിങ്ങൾ അതിൽ തട്ടാൻ ഇടയായത്. ഏതായാലും നിങ്ങൾക്കൊന്നും പറ്റിയില്ലല്ലോ.' ഇത്രയും പറഞ്ഞ് അവർ പരസ്പരം ചുംബിച്ചു രംഗം അവസാനിപ്പിച്ചു.

ഈ സംഭവമെല്ലാം ജനലിങ്കൽ നിന്നു നിരീക്ഷിച്ച അയൽക്കാരൻ തിരിച്ചെത്തി ഭാര്യയോടു പറഞ്ഞു: ഇപ്പോൾ എനിക്കു കാര്യം മനസ്സിലായി. അവ

രുടെ വീട്ടിൽ അവർ രണ്ടുപേരും 'തെറ്റുകാരാണ്'. ഇവിടെ നമ്മുടെ വീട്ടിൽ, നമ്മൾ രണ്ടുപേരും എല്ലായിപ്പോഴും 'ശരി മാത്രം' ചെയ്യുന്നവരുമാണ്.

കുടുംബ ജീവിതത്തിലേക്കും ഭാര്യാഭർതൃ ബന്ധത്തിലേക്കും വെളിച്ചം വീശുന്ന കഥയാണ് നമ്മുടെ മുമ്പിലുള്ളത്. ഭൂമിയിലെ പറുദീസാ എന്നോ, സ്വർഗത്തിന്റെ പ്രതിരൂപമെന്നോ കുടുംബത്തെ നിർവചിക്കുന്നതിന്റെ കാരണം അവിടെ വ്യാപരിക്കുന്ന അന്തരീക്ഷവും പുലർത്തുന്ന സ്നേഹത്തിന്റെ ചൈതന്യവുമാണ്. എന്നാൽ പല കുടുംബങ്ങളും കുട്ടിനരകങ്ങളായിത്തീരുന്നത് അവിടെ അരങ്ങേറുന്ന ശണ്ഠകളും അവയ്ക്കു കാരണമാകുന്ന ആരോപണങ്ങളും പ്രത്യാരോപണങ്ങളും മൂലമാണ്.

ഏറ്റവും പ്രധാനമായ ഒന്ന് സ്വന്തം തെറ്റ് അംഗീകരിക്കാനും അതിനു മാപ്പ് അപേക്ഷിക്കാനും സന്നദ്ധമാകാതെ സ്വയം നീതീകരിക്കുകയും കുറ്റം എപ്പോഴും മറ്റേ ആളിൽ ആരോപിക്കുന്നതുമാണ്. ഈ പ്രവണത പ്രഥമ മനുഷ്യനിൽത്തന്നെ ആരംഭിച്ചുവെന്ന് ബൈബിൾ സാക്ഷിക്കുന്നു. ദൈവം ആദാമിനോടു നീ തെറ്റുചെയ്തത് എന്ത് എന്നു ചോദിക്കുമ്പോൾ, താനല്ല തനിക്കു പങ്കാളിയായി നൽകപ്പെട്ട 'സ്ത്രീ'യാണ് കുറ്റക്കാരിയെന്ന് ആരോപിക്കുകയായിരുന്നു. 'മറ്റേ ആളിൽ' കുറ്റം ആരോപിക്കുന്ന പ്രവണത ഇന്നും തുടരുന്നു.

സ്വന്തം തെറ്റിനെ അംഗീകരിച്ച് മാപ്പിരക്കുന്ന രംഗം ഉണ്ടായാൽ കലഹത്തിനുള്ള സാധ്യത അപ്പോഴേ അസ്തമിക്കുന്നു. ഇംഗ്ലീഷ് ഭാഷയിൽ 'sorry' എന്നുള്ള പദം യഥാസമയം പ്രയോഗിച്ചാൽ പൊട്ടിത്തെറിക്കാൻ മുട്ടിനിൽക്കുന്ന അവസ്ഥ പോലും ശാന്തിയുടെ കുളിർമഴ പെയ്യിക്കുന്നതായി മാറും. ആ വാക്ക് ഹൃദയത്തിൽ നിന്നുയരുന്നതാവണം. അതിനു തടസ്സം സൃഷ്ടിക്കുന്നത് സ്വാർത്ഥയും അഹന്തയുമാണ്. 'ഈഗോ' ഉള്ളിൽ തിളച്ചുപൊന്തുമ്പോൾ സ്വന്തം തെറ്റിനെ കാണുവാനോ അംഗീകരിക്കുവാനോ ഒരുമ്പെടുകയില്ല. ആത്മബോധവും ആത്മവിശ്വാസവും അവശ്യം വേണ്ട ഗുണങ്ങൾതന്നെ. പക്ഷേ അതിന്റെ അളവു വർധിച്ച് അഹന്തയെന്ന അവസ്ഥയിലെത്തിയാൽ അതു നിശ്ചയമായും അപകടകരമാണ്.

മുകളിൽ കണ്ടപ്രകാരം പാത്രമുടയുകയും നഷ്ടം സംഭവിക്കുകയും ചെയ്ത സാഹചര്യം പല ഭവനത്തിലും കലഹത്തിനു കാരണമാകാം. പാത്രം സൂക്ഷിച്ചുവയ്ക്കാതെ നടക്കുന്നവഴിയിൽ കൊണ്ടുവച്ചതിന് ഭാര്യയെ പ്രതിക്കൂട്ടിൽ നിർത്താം. അതുപോലെ ഭർത്താവ് സൂക്ഷ്മത ഇല്ലാതെ ഓടിച്ചാടി നടക്കുന്നതായി ഭാര്യയ്ക്ക് ആരോപിക്കാം. ഇരുഭാഗത്തുനിന്നുമുള്ള ആരോപണങ്ങളും പ്രത്യാരോപണങ്ങളും വഴി ആ ദിവസം മുഴുവൻ സംഘർഷപൂരിതമാകാൻ ഇടയാകാം.

നമ്മുടെ ഭവനങ്ങളെ പറുദീസയാക്കി മാറ്റാനുള്ള ഉത്തരവാദിത്തം നമ്മിൽത്തന്നെയാണ്. അതു സാധ്യമാകണമെങ്കിൽ വിനയവും ആത്മാർത്ഥതയും നിലനിർത്താൻ ശ്രമിക്കണം. യേശു അരുൾചെയ്തു: 'സമാധാനം ഉണ്ടാക്കുന്നവർ അനുഗ്രഹിക്കപ്പെട്ടവർ; അവർ ദൈവത്തിന്റെ പുത്രന്മാരെന്നു വിളിക്കപ്പെടും'.



# ഇടവക വാർത്തകൾ

## വൈദികരുടെ സ്ഥലം മാറ്റം

തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ സ്ഥലമാറ്റത്തിന്റെ ലിസ്റ്റ് 2022 ഫെബ്രുവരി 9 ന് പ്രസിദ്ധീകരിച്ചു.റവ. ഫാ. തോമസ് ചൂണ്ടലിനെ പൊങ്ങണംകാട് ഇടവക വികാരിയായി നിയമിച്ചു. വികാരി റവ.ഫാ.ഫ്രാൻസിസ് വാഴപ്പിള്ളി കോലഴി പള്ളി വികാരിയായി സ്ഥലമാറ്റം ലഭിച്ചു.

## തൃശൂർ അതിരൂപത വികാരി ജനറാൾ



തൃശൂർ അതിരൂപതയുടെ പുതിയ വികാരി ജനറാളായി റവ. ഫാ. ജോസ് കോനിക്കരയെ (ജൂനിയർ) ആർച്ച് ബിഷപ് ആൻഡ്രൂസ് താഴത്ത് നിയമിച്ചു 2022 ഫെബ്രുവരി 16ന് ചുമതലയേറ്റു. അത്മായർ, സംഘടനകളും പ്രസ്ഥാനങ്ങളും, സാമൂഹ്യക്ഷേമസ്ഥാപനങ്ങൾ, മാധ്യമങ്ങൾ, മേല്പ്പറഞ്ഞവയുമായി ബന്ധപ്പെടുന്ന ഇടവക പ്രവർത്തനങ്ങൾ എന്നിവയാണ് ചുമതലകൾ. ഒല്ലൂർ ഫൊറോന വികാരിയായിരിക്കുമ്പോഴാണ് അദ്ദേഹത്തിന് പുതിയ നിയമനം. സെന്റ് തോമസ് കോളേജിലെ വാർഡൻ, ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഫിനാൻസ് ഓഫീസർ & വാർഡൻ, പുല്ലഴി ക്രിസ്റ്റീന ഹോം ഡയറക്ടർ എന്നീ നിലകളിൽസേവനം ചെയ്തിട്ടുണ്ട്. കുണ്ടുകാട്, ആറ്റുപുറം, പൊന്നാനി, വെങ്ങിണിശ്ശേരി, കിള്ളിമംഗലം, വെണ്ടോർ, ഒളരിക്കര എന്നിവിടങ്ങളിൽ വികാരിയായും, അൾത്താരബാലസംഘം, സി. എൽ. സി., കെ. എൽ. എം. എന്നീ സംഘടനകളുടെ ഡയറക്ടറായും അതിരൂപത വൈദികസമിതി സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. പറവട്ടാനി ഇടവക പരേതരായ കോനിക്കര ഫ്രാൻസിസ് – ത്രേസ്യ ദമ്പതികളുടെ മകനാണ്.

## യാത്രയയപ്പ് യോഗം

ഫെബ്രുവരി 13 ഞായറാഴ്ച രാവിലെ 6: 30 ന്റെ വി. കുർബാനയ്ക്കു ശേഷം റവ. ഫാ.ഫ്രാൻസിസ് വാഴപ്പിള്ളി അച്ചന്റെ യാത്രയയപ്പ് യോഗം നടന്നു. യോഗത്തിൽ ഇടവകയെ പ്രതിനിധീകരിച്ച് കൈക്കാരൻ ശ്രീ.ഫെലിക്സ്



കൊച്ചു പ്ലാക്കൽ വികാരിയച്ചന് ബൊക്ക നല്കി അനുമോദിച്ചു. കൃഷിയെയും പൂന്തോട്ടങ്ങളെയും വളരെ സ്നേഹിച്ചിരുന്ന വാഴപ്പിള്ളിയച്ചൻ താൻ നട്ടു പരിപാലിച്ച കുറച്ചു ചെടികൾ കോലഴി സെ.ബെനഡിക്ട് പള്ളിയിലേക്ക് കൊണ്ടുപോകുമെന്നും വരാൻപോകുന്ന തോമസ് ചൂണ്ടൽ അച്ചനെ എല്ലാം പരിചയപ്പെടുത്തിക്കൊടുക്കൊടുത്തിട്ടുണ്ടെന്നും യോഗത്തിൽ അറിയിച്ചു. കോലഴി പള്ളിയിൽ വെള്ളത്തിന് അല്പം ബുദ്ധിമുട്ടുണ്ടെങ്കിൽ പൊങ്ങണംകാട് പള്ളിയിൽ കിണറ്റിൽ ഇഷ്ടംപോലെ വെള്ളമുള്ളത് മാതാവിന്റെ അനുഗ്രഹം കൊണ്ടാണെന്നും അച്ചൻ പറഞ്ഞു. പൊങ്ങണംകാട് ഇടവകയിൽ വന്നതിനുശേഷം ചൊല്ലിയ വിശുദ്ധ കുർബാനകൾ, മാമ്മോദീസ, മരണം,തറക്കല്ലിടൽ, ഗൃഹപ്രവേശം എന്നിവയുടെ എണ്ണം വിശ്വാസികളെ അറിയിച്ചു. ഫെബ്രുവരി 16 ന് രാവിലത്തെ വിശുദ്ധ കുർബാനയ്ക്കുശേഷം കോലഴി പള്ളിയിലേക്ക് പുറപ്പെടുമെന്ന് വികാരിയച്ചൻ അറിയിച്ചു. തന്റെ സ്വന്തം വാഹനത്തിൽ ഒറ്റയ്ക്കാണ് ഈ പള്ളിയിലേക്ക് വന്നതെന്നും അതേ വാഹനത്തിൽ തന്നെ കോലഴി പള്ളിയിലേയ്ക്കും തിരിച്ചു പോകുമെന്നും ആരും തന്നെ യാത്രയാക്കാൻ കൂടെ വന്ന് വിഷമകരമായ സാഹചര്യം സൃഷ്ടിക്കേണ്ടെന്നും വികാരിയച്ചൻ പറഞ്ഞു.യോഗത്തിൽ കൈക്കാരൻ ശ്രീ.പോൾ. സി. ചിറക്കേക്കാരൻ നന്ദി പറഞ്ഞു.



## പുതിയ ഇടയന് സ്വാഗതം

ഫെബ്രുവരി 16 ബുധനാഴ്ച പൊങ്ങണംകാട് പുതിയ വികാരിയായി റവ. ഫാ. തോമസ് ചൂണ്ടൽ വൈകിട്ട് 04:30 ന് പള്ളിയിൽ എത്തിച്ചേർന്നു. വികാരിയച്ചന് കൈക്കാരൻ ശ്രീ. പൗലോസ് വാറോക്കി ബൊക്കെ നല്കി സ്വീകരിച്ചു. ഇടവക അംഗങ്ങൾ, സിസ്റ്റേഴ്സ്, കൈക്കാരന്മാർ, ഏവരും പുതിയ വികാരിയച്ചന് സ്തുതി നല്കി സ്വീകരിച്ചു.





## സ്നേഹസ്മരണയ്ക്ക്





**Choondal Vardunni**
# ANTHONY
**Born : 02-03-1935**
**Died : 01-09-2020**

**Choondal Anthony**
# THRESIA
**Born : 11-03-1937**
**Died : 16-03-2015**



**St Luke unit**
Mattampuram

# സ്നേഹസ്മരണയ്ക്ക്

**4 -ാം ചരമവാർഷികം**

24-03-2022









**ചിറയത്ത് വർഗ്ഗീസ്**

## അന്തോണി

ജനനം : 30-06-1930 മരണം : 24-03-2018

ജീവിച്ചിരിക്കുമ്പോൾ നിങ്ങൾ എന്നെ സ്നേഹിച്ചു.
നിങ്ങളുടെ പ്രാർത്ഥനയിൽ എന്നേയും ഓർക്കേണമേ.

സെ. മർത്ത യൂണിറ്റ് നെല്ലിക്കാട്

അച്ചനേയും അച്ചനോടൊപ്പം വന്ന കുരിയച്ചിറ ഇടവകാംഗങ്ങളേയും സ്നേഹപൂർവ്വം സ്വാഗതം ചെയ്തു. വികാരിയച്ചന്റെ കുടുംബാംഗങ്ങളും ഇടവക സന്ദർശനം നടത്തി. ചായ സൽക്കാരത്തിനു ശേഷം വികാരിയച്ച നോട് യാത്ര പറഞ്ഞു പിരിഞ്ഞു. റവ.ഫാ.തോമസ് ചൂണ്ടൽ പൊങ്ങണംകാട് വികാരിയായി ചുമതലയേറ്റു.

## മരിയൻ വോയ്സ് മീറ്റിംഗ്

ഫെബ്രുവരി 18 വെള്ളിയാഴ്ച വൈകിട്ട് 08:00 മണിയ്ക്ക് മരിയൻ വോയ്സ് കമ്മിറ്റി അംഗങ്ങൾ മീറ്റിംഗ് കൂടി. വികാരി ഫാ. തോമസ് ചൂണ്ടൽ ചാർജ്ജെടുത്തതിനു ശേഷം നടന്ന ആദ്യത്തെ മീറ്റിംഗ് ആയിരുന്നു.

## ഞായറാഴ്ച വി. കുർബാന

വികാരി ഫാ. തോമസ് ചൂണ്ടൽ സ്ഥാനമേറ്റതിനുശേഷം നടന്ന ആദ്യത്തെ ഞായർ വി. കുർബാന ഫെബ്രുവരി 20 ന് രാവിലെ 06:30 നും രണ്ടാമത്തെ വി. കുർബാന 09:30 നും നടന്നു.

മരിയൻ വോയ്സ് ബൈബിൾ ക്വിസ് ശരിയുത്തരമയച്ചവരിൽ നിന്നും നറുക്കെടുത്തു ലഭിച്ച നാൻസി സജീഷിന് വികാരിയച്ചൻ ബൈബിൾ പാരിതോഷികമായി നൽകി.

നോമ്പുകാലമായതിനാൽ പള്ളിയിലേയ്ക്ക് ഇടദിവസങ്ങളിലും, ഞായറാഴ്ച വി. കുർബാനകൾക്കും കൂടുതൽ ആളുകൾ വരണമെന്നും വികാരിയച്ചൻ ഓർമ്മിപ്പിച്ചു.

## നോമ്പുകാലം

ഫെബ്രുവരി 27 ഞായറാഴ്ച പാതിരാമുതൽ നോമ്പുകാലം ആരംഭിക്കുന്നു.വിവാഹ ആഘോഷങ്ങൾക്ക് മുടക്കം. ഫെബ്രുവരി 28 തിങ്കളാഴ്ച വിഭൂതി തിരുനാൾ. രാവിലെ 06:30 ന് വി. കുർബാന, വിഭൂതി തിരുകർമ്മങ്ങൾ.

## വിശ്വാസ പരിശീലന പരീക്ഷ

ഫെബ്രുവരി 20 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 2 മണിയ്ക്ക് 1.3.5.7.9 ക്ലാസ്സുകളിലെ വിദ്യാർഥികൾക്ക് വിശ്വാസ പരിശീലന പരീക്ഷകൾ നടന്നു.

2,4,6,8 ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ വിശ്വാസ പരിശീലന പരീക്ഷകൾ ഫെബ്രുവരി 27 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 2 മണിക്ക് പള്ളിയിൽ വെച്ച് നടന്നു.

തയ്യാറാക്കിയത് :
**ഹാപ്പി ആനിയ്ക്കൽ.**







# സഭാവാർത്തകൾ



**ആശങ്ക നേരിട്ട് അറിയിച്ച് പാപ്പ**
**റഷ്യയുടെ സ്ഥാനപതി കാര്യാലയത്തിൽ**

റോം: യുക്രൈനിൽ റഷ്യൻ സേന അക്രമണം ശക്തമാക്കിയ ദയനീയ സാഹചര്യം കണക്കെടുത്ത് പരിശുദ്ധ സിംഹാസനത്തിനു വേണ്ടിയുള്ള റഷ്യൻ എംബസ്സിയിൽ നേരിട്ടെത്തി പാപ്പ ആശങ്ക അറിയിച്ചു. റഷ്യ ഫെഡറേഷൻ പരിശുദ്ധസിംഹാസനത്തിനു വേണ്ടി നിയമിച്ചിട്ടുള്ള സ്ഥാനപതിയുടെ ഔദ്യോഗിക കാര്യാലയമായ എംബസ്സിയിൽ വെള്ളിയാഴ്ച (25/02/22) രാവിലെയാണ് ഫ്രാൻസീസ് പാപ്പ എത്തിയതെന്ന് വത്തിക്കാൻറെ വാർത്താവിതരണ കാര്യാലയത്തിന്റെ, മേധാവി മത്തേയൊ ബ്രൂണി പ്രസ്താവനയിൽ അറിയിച്ചു. വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ അങ്കണത്തിലേക്കുള്ള വലിയ വീഥിയായ വിയ ദെല്ല കൊൺ ചിലിയ ത്സിയോനെയിലാണ് ഈ എംബസ്സി സ്ഥിതി ചെയ്യുന്നത്. കാർ മുഖാന്തിരം എംബസ്സിയിൽ എത്തിയ പാപ്പാ മുപ്പതു മിനിറ്റോളം അവിടെ ചെലവഴി ച്ചു.

**യുക്രെയ്ൻ ജനതയ്ക്കായി കേരള സഭയും പ്രാർത്ഥനയിൽ**
**ഭാഗഭാക്കാകണമെന്ന് കെസിബിസി**

കൊച്ചി. യുദ്ധത്തിന്റെ ഭീകരത അനുഭവിക്കുന്ന യുക്രെയ്ൻ ജനതയ്ക്കായി പ്രാർത്ഥിക്കാനുള്ള ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനത്തോടു ചേർന്ന് ലോകസമാധാനത്തിനായി പ്രാർത്ഥിക്കാൻ കേരളത്തിലെ ക്രൈസ്തവ സമൂഹത്തോടു കെസിബിസി പ്രസിഡന്റ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ആഹ്വാനം ചെയ്തു. മാർച്ച് രണ്ടിന് പ്രാർത്ഥനാദിനമായി ആചരിക്കാനാണ് മാർപാപ്പ ആവശ്യപ്പെട്ടിട്ടുള്ളത്. അന്നേദിവസം കേരളസഭയും പ്രാർഥനയ്ക്കായി മാറ്റിവയ്ക്കണം. ഭാരത പൗരൻമാരെ സുരക്ഷിതരായി സ്വഭവനത്തിലേക്ക് തിരികയെത്തിക്കുമെന്ന് കേന്ദ്രസർക്കാർ ഉറപ്പുവരുത്തണമെന്നും ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ ഇടപെടൽ പ്രതീക്ഷ നല്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

മാഡ്രിഡ്: സ്പെയിനിൽ 1936-1939 വരെയുണ്ടായ മതപീഢന കാലത്ത് യേശുവിലുള്ള വിശ്വാസത്തെ പ്രതി ജീവൻ ബലികൊടുത്ത പതിനാറു നിണസാക്ഷികളെ വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ചു. സ്പെയിനിലെ ഗ്രനാദയിൽ നടന്ന തിരുകർമ്മങ്ങളിൽ വിശുദ്ധരുടെ നാമകരണ നടപടികൾക്കായുള്ള സംഘത്തിന്റെ അദ്ധ്യക്ഷൻ കർദ്ദിനാൾ മർച്ചേല്ലോ സെമെറാറൊ മുഖ്യകാർമ്മികത്വം വഹിച്ചു. വിശുദ്ധി ഒരു മാനുഷിക വിജയമല്ല, പ്രത്യുത, ദൈവത്തിന്റെ ഒരു ദാനമാണെന്ന് അദ്ദേഹം സന്ദേശത്തിൽ പറഞ്ഞു. നവവാഴ്ത്തപ്പെട്ടവരിൽ 14 പേർ വൈദികരാണ്. മറ്റു രണ്ടു പേരിൽ ഒരാൾ ഒരു വൈദികാർത്ഥിയും മറ്റെയാൾ അല്മായനും ആണ്.

# കുട്ടിവര



**ALONA K AJO**
**4A**




**SANA GRACE C.S**
**4 A**




**ANGELIN WILSON**
**4A**



**HELNA HAPPY**
**6A**



**HRIDHAYESH HELVY**
**5A**



**HRIDHYA HELVY**
**2A**

# കൊച്ചുവർത്തമാനം



സി. മേരി തട്ടിൽ
FSSE

ഈശോയുടെ സ്നേഹം നിറഞ്ഞ കുഞ്ഞുമക്കളെ!

ഏല്ലാവർക്കും സുഖമല്ലെ? വാർഷിക പരീക്ഷകൾ എല്ലാം അടുത്തു വരികയാണല്ലോ. നിങ്ങളിൽ ജ്ഞാനം കുറവുള്ളവൻ ദൈവത്തോടു ചോദിക്കട്ടെ. അമർത്തി നിറച്ച് തരുവാൻ കഴിവുള്ളവനാണ് നമ്മുടെ ദൈവം. ജ്ഞാനത്തിന്റെയും അറിവിന്റെയും നിധികൾ അവനിലാണ് ഒളിഞ്ഞു കിടക്കുന്നത്. പരീക്ഷയ്ക്ക് നിങ്ങളോടൊപ്പം ഇരുന്ന്, നിങ്ങളുടെ കരങ്ങൾ പിടിച്ച് നിങ്ങൾക്ക് വേണ്ടി പരീക്ഷ എഴുതിതരാൻ സാധിക്കുന്ന ഒരാൾ മാത്രമേയുള്ളൂ. 'സർവ്വശക്തനായ നമ്മുടെ ദൈവം.' ആ ഈശോയെ മുറുകെ പിടിക്കാം. ഏശയ്യാ: 41/13-ൽ പറയുന്നു. 'ദൈവവും കർത്താവുമായ ഞാൻ നിന്റെ വലതു കൈ പിടിച്ചിരിക്കുന്നു. ഞാനാണ് പറയുന്നത്. ഭയപ്പെടേണ്ട. ഞാൻ നിന്നെ സഹായിക്കും.' പഠിക്കാൻ ഇരിക്കുമ്പോൾ നമുക്ക് ദൈവ വചനങ്ങൾ ഓർക്കാം. ഇപ്പോൾ നോമ്പ് കാലഘട്ടമല്ലേ? പ്രാർത്ഥനയും, ഉപവാസവും, പരിത്യാഗവും വഴി ഈശോയുടെ കൂടെയിരുന്ന് നന്നായി പഠിച്ച്, ഉന്നത വിജയം വരിക്കാം. കോവിഡ്-19 എന്ന മഹാവ്യാധി ലോകം മുഴുവൻ ഭീതി സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ പഠനങ്ങൾ മിക്കതും നടക്കുന്നത് ഓൺലൈൻ കൂടി ആയിരിക്കുമല്ലോ? നവ മാധ്യമങ്ങൾ ഇന്ന് നമുക്ക് നല്കുന്ന അനന്ത നന്മയുടെ സാധ്യതകളെ പറ്റി ചിന്തിച്ചാൽ ദൈവത്തിന് എത്ര നന്ദി പറഞ്ഞാലും മതിവായുകയില്ല. എന്നാൽ ആധുനിക യുഗം ഇന്ന് എല്ലാ ആവശ്യങ്ങൾക്കും അനാവശ്യങ്ങൾക്കും മാധ്യമങ്ങളും അതിന്റെ സാധ്യതകളും ഉപയോഗിക്കുന്നു.

ഇന്നിന്റെ കാലഘട്ടത്തിൽ നമുക്ക് മാതൃകയായി ജീവിച്ച ഒരു ന്യൂജൻ ദൈവപൈതലാണ്, വാഴ്ത്തപ്പെട്ട കാർല്ലോ അക്യൂററസ്,' ചെറുപ്പം മുതലേ പഠനത്തിലും, വി. കുർബ്ബാനയിലും, ആരാധനയിലും, ജപമാലയിലും വളർന്നു വന്ന ഈ ഓമനകുട്ടൻ നല്ല ഒരു വിശ്വാസ ജീവിതം നയിച്ചിരുന്നു. ആധുനിക സാങ്കേതിക വിദ്യയിലുള്ള തന്റെ കഴിവുകൾ എല്ലാം അവൻ ദൈവ മഹത്വത്തിനായി ഉപയോഗിച്ചു. സ്വന്തമായ ഒരു വെബ്സൈറ്റ് രൂപീകരിച്ച് അതിലൂടെ ദിവ്യകാരുണ്യ അത്ഭുതങ്ങൾ പ്രദർശിപ്പിച്ചു. ദൈവത്തിനിഷ്ടമില്ലാത്ത യാതൊരു കാര്യത്തിനും മാധ്യമങ്ങളിലൂടെ സമയം കളയാതെ, നവ മാധ്യമങ്ങളിലെ എല്ലാ സാധ്യതകളും ദൈവവേലയ്ക്കായി ഉപയോഗിച്ചു.

നമുക്കും ദൈവാശ്രയബോധത്തിൽ അടിയുറച്ച് വളരാൻ, സൈബർ അപ്പസ്തോലനായ വാഴ്ത്തപ്പെട്ട കാർലോ അക്യൂററസിന്റെ ഈ നല്ല മാതൃക പിൻതുടർന്ന്, നല്ല കാര്യങ്ങൾക്കായി, നന്നായി പഠിക്കുവാനായി, സുവിശേഷവത്ക്കരണത്തിനായി മാധ്യമങ്ങൾ ഉപയോഗിക്കാം. അങ്ങനെ നവയുഗ മാധ്യമങ്ങളിലൂടെ ഈ ലോകത്തിൽ യേശുവിന്റെ കൊച്ചുപ്രേഷിതരായി മിഷനറിമാരായി പ്രശോഭിക്കാൻ ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെയെന്ന പ്രാർത്ഥനയോടെ...



# മാമ്മോദീസ

1. ചിറയത്ത് ബിറ്റോ+ഷാരോൺ മകൾ ടാൻയ ആലീസ് (26-01-2022)
2. കൈപറമ്പിൽ മേജോ+മേഘ മകൾ ഐറിൻ (29-01-2022)
3. പയ്യപ്പാട്ട് ലിമോൻ+ജ്യോതി മകൻ ആൻജോ (06-02-2022)
4. കുരുതുകുളങ്ങര സിൽജോ+ഷീന മകൾ സെയ്ന്റീന (06-02-2022)
5. പുതുവ അരുൺ+ട്രീഷ്യ മകൻ ഇയാൻ ആൻഡ്രേ (12-02-2022)
6. മണപ്പുറത്ത് ഗ്ലാക്സൻ കൊറയ+ഗ്ലാഡിയ മകൾ എസ്തേർ (13-02-2022)
7. പാറപ്പുറം സാജൻ+ജോസ്മി മകൾ ഇവാനിയ (14-02-2022)
8. എടക്കളത്തൂർ ആന്റണി+ജിസ്മി മകൻ അഗസ്റ്റിൻ (20-02-2022)



# നവ മിഥുനങ്ങൾ



1. പൊങ്ങണംകാട് പള്ളി ഇടവക കൊള്ളന്നൂർ ആന്റോ മിനി മകൻ എഡ്വിൻ+ചാലക്കുടി പള്ളി ഇടവക വരാപ്പുഴ തളിയത്ത് പോൾ റാണി മകൾ രേഷ്മ (17-01-2022)
2. പൊങ്ങണംകാട് പള്ളി ഇടവക പുളിക്കൻ സൈമൺ മിനി മകൻ സിബി+ആമ്പല്ലൂർ പള്ളി ഇടവക മലയാറ്റിൽ റാഫി ജൂലി മകൾ സാന്ദ്ര (20-01-2022)
3. പൊങ്ങണംകാട് പള്ളി ഇടവക നാലാപാടൻ തോമസ് ലില്ലി മകൻ ഡീൻ+കുണ്ടുകാട് പള്ളി ഇടവക തോബിക്കാട്ടിൽ പത്രോസ് ലില്ലി മകൾ അനു (10-02-2022)
4. തങ്ങാലൂർ പള്ളി ഇടവക നീലംകാവിൽ സെബാസ്റ്റ്യൻ മേജോ മകൻ സ്റ്റിജോ+പൊങ്ങണംകാട് പള്ളി ഇടവക കോളമ്പ്രത്ത് ജോൺസൻ ഷീല മകൾ സീന (20-02-2022)



# സ്വർഗ്ഗീയ താരങ്ങൾ

1. മരങ്ങാട്ടുമാലിൽ ജോസഫ് ഭാര്യ ത്രേസ്യാമ്മ (70). സെ.റാഫേൽ യൂണിറ്റ് (26-02-2022)
2. കുണ്ടുകുളം പൈലോത് മകൻ ദേവസ്സി (78). സെ.തെരേസ യൂണിറ്റ് (28-02-2022)



# ബൈബിൾ ക്വിസ്

## മാർച്ച്

**അപ്പസ്തോലൻമാരുടെ പ്രവർത്തനങ്ങൾ അദ്ധ്യായം 11–15**

1. സ്താഫാനോസിനെ സംബന്ധിച്ചുണ്ടായ പീഢനം നിമിത്തം ചിതറിക്കപ്പെട്ടവർ എവിടെ വരെ സഞ്ചരിച്ചു?
2. സാവൂളിനെ അന്വേഷിച്ച് ബാർണബാസ് എവിടേക്കാണ് പോയത്?
3. 'മർക്കോസ്' എന്ന് അപരനാമമുള്ളത് ആർക്ക്?
4. പത്രോസ് യൂദയായിൽ നിന്ന് എങ്ങോട്ടാണ് പോയത്?
5. കിഷിന്റെ പുത്രനായ സാവൂൾ ഏത് ഗോത്രത്തിൽപ്പെട്ടവനായിരുന്നു?
6. പൗലോസ് പ്രധാന പ്രസംഗകനായിരുന്നതിനാൽ ലിസ്ത്രായിലെ ജനങ്ങൾ അദ്ദേഹത്തെ എന്ത് പേരാണ് വിളിച്ചത്..?
7. ബാർണബാസിന്റെ മറ്റൊരു പേര്?
8. ബാർണബാസ് മർക്കോസിനെയും കൂട്ടി കപ്പൽ കയറിപോയത് എവിടേക്കാണ്.
9. പൗലോസ് ബാർണബാസിൽ നിന്നും വേർപിരിഞ്ഞതിനുശേഷം ആരോടുകൂടെയാണ് യാത്രതിരിച്ചത്?
10. 'എന്റെ ഹൃദയത്തിനിണങ്ങിയ ഒരു മനുഷ്യനെ ഞാൻ കണ്ടെത്തിയിരിക്കുന്നു' എന്ന് ആരെക്കുറിച്ചാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്.?

## ബൈബിൾ ക്വിസ് ഉത്തരങ്ങൾ (ജനുവരി)

1. നാൽപത് ദിവസത്തേക്ക്
2. ഒരു സാബത്ത് ദിവസത്തെ
3. രകത്തിന്റെ വയൽ
4. മത്തിയാസ്
5. ജോയൽ പ്രവചാകൻ
6. മൂവായിരത്തോളം
7. സുന്ദരകവാടം എന്ന് വിളിക്കപ്പെടുന്ന ദേവാലയ വാതിൽക്കൽ
8. ആശ്വാസപുത്രൻ
9. അപ്പസ്തോലൻമാരെ
10. സഫീറാ

## ജനുവരി ബൈബിൾ ക്വിസ് – ശരിയുത്തരം അയച്ചവർ

| | | |
|---|---|---|
| 1. | തോമസ് വി.ഒ. | സെ.തെരേസ |
| 2. | അനറ്റ് റോസ് ആന്റണി | സെ. സെബാസ്റ്റ്യൻ |
| 3. | ജിയോർജിയോ ജോഷി | സെ.സെബാസ്റ്റ്യൻ |
| 4. | ജെർഷോം ജോഷി | സെ.സെബാസ്റ്റ്യൻ |
| 5. | ആൽവിൻ ഷിജു | സെ.അൽഫോൺസ |
| 6. | നാൻസി സജീഷ് | സെ.റാഫേൽ |
| 7. | ആൽഡ്രിയ ജോജു | സെ.മേരീസ് |
| 8. | ഷീല ആന്റണി | സേക്രഡ് ഹാർട്ട് |
| 9. | ജോസ്ഫിന വർഗ്ഗീസ് | സെ.പീറ്റർ |
| 10. | ആന്റണി ടി.ഒ. | സേക്രഡ്ഹാർട്ട് |
| 11. | ലയ റിനോയ് | സെ.തെരേസ |
| 12. | ആൽവിൻ ആന്റണി | സേക്രഡ് ഹാർട്ട് |
| 13. | റോസി ജോണി | സെ. തെരേസ |



ശരിയുത്തരം നൽകിയവരിൽ നിന്നും നറുക്കെടുപ്പിലൂടെ വിജയിച്ച

**നാൻസി സജീഷ്**

## നന്ദി... നന്ദി... ഒരായിരം നന്ദി....

പരിശുദ്ധ നിത്യസഹായമാതാവിന്റെയും വി.അന്തോണീസ് പുണ്യവാളന്റെയും മദ്ധ്യസ്ഥതയാൽ ഞങ്ങളുടെ വീടിനുള്ളിൽ നിന്നും നഷ്ടപ്പെട്ടുപോയ വിവാഹസ്വർണ്ണമോതിരം ആറ് മാസങ്ങൾക്കുശേഷം വീട്ടിൽ തിരികെ ലഭിച്ചതിന് കൃതജ്ഞതയുടെ ഒരായിരം സുവർണ്ണപൂക്കൾ അർപ്പിക്കുന്നു.

അതോടൊപ്പം ഞങ്ങളെ എല്ലാ പ്രതിസന്ധികളിൽ നിന്നും അത്ഭുതകരമായി കാത്തുരക്ഷിക്കുന്ന ഞങ്ങളെ നയിക്കുന്ന സ്നേഹത്തിന്റെയും കരുണയുടെയും സാഗരമായ ത്രിത്വൈക ദൈവത്തിന് കോടാനുകോടി നന്ദിയും സ്തുതിയും ആരാധനയും അർപ്പിക്കുന്നു.

**പൗലോസ് ജെ. എലുവത്തിങ്കൽ & കുടുംബാംഗങ്ങൾ**




| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | 1<br>ശ്ലീഹ<br>8:14–25<br>മർക്കോ<br>9:14–29 | 2<br>യാക്കോ<br>4:1–10<br>മത്താ<br>18:1–10 | 3<br>1 തെസ<br>2:17;3–5<br>ലൂക്കാ<br>22:24–30 | 4<br>4 യാക്കോ<br>1:12–18<br>ലൂക്കാ<br>22:39–46 | 5<br>2 കോറി<br>2:5–11<br>ലൂക്കാ<br>15:11–24 |
| 6<br>ഉത്പ 13:1–11<br>പ്രഭാ 31:1–11<br>1 തിമോ 6:3–10<br>ലൂക്കാ 19:1–10 | 7<br>യാക്കോ<br>2:1–19<br>ലൂക്കാ<br>16:19–31 | 8<br>യാക്കോ<br>5:1–6<br>ലൂക്കാ<br>18:18–30 | 9<br>1 തിമോ<br>6:17–21<br>ലൂക്ക<br>12:13–21 | 10<br>റോമ<br>8:1–6<br>മത്താ<br>6:19–24 | 11<br>യാക്കോ<br>1:19–11<br>ലൂക്കാ<br>14:7–14 | 12<br>ഫിലി<br>3:4–11<br>ലൂക്കാ<br>5:1–11 |
| 13<br>നിയ 15:7–15<br>തോബി 12:6–15<br>2 കോറി 8:9–15<br>മത്താ 6:1–8;16–18 | 14<br>ഫിലി<br>4:10–20<br>മർക്കോ<br>9:33–31 | 15<br>2 കോറി<br>9:1–5<br>മർക്കോ<br>12:38–44 | 16<br>2 കോറി<br>9:6–10<br>ലൂക്കാ<br>6:32–38 | 17<br>യാക്കോ<br>2:10–17<br>മത്താ<br>7:21–28 | 18<br>2 കോറി<br>9:11–15<br>ലൂക്കാ<br>12:29–34 | 19<br>എഫേ<br>6:14–20<br>മത്താ<br>1:18–25 |
| 20<br>ഉത്പ 19:1–11<br>2 സാമു 12:1–7; 13–17<br>2 തിമോ 2:22–26<br>മത്താ 5:27–32 | 21<br>2 പത്രോ<br>1:1–19<br>മർക്കോ<br>7:14–23 | 22<br>ഹെബ്രാ<br>12:14–17<br>ലൂക്കാ<br>11:33–41 | 23<br>വെളി<br>3:1–6<br>മർക്കോ<br>10:46–52 | 24<br>1 തെസ<br>4:1–8<br>ലൂക്കാ<br>5:12–16 | 25<br>ഗലാ<br>4:1–7<br>ലൂക്കാ<br>1:26–38 | 26<br>വെളി<br>3:14–22<br>ലൂക്ക<br>24:44–49 |
| 27<br>ഉത്പ 4:8–16<br>1 സാമു 24:1–8<br>1 യോഹ 1:5–10<br>യോഹ 8:1–11 | 28<br>എഫേ<br>4:1–6<br>ലൂക്കാ<br>17:1–6 | 29<br>1 പത്രോ<br>3:8–12<br>മത്താ<br>5:38–48 | 30<br>1 തെസ<br>5:12–18<br>മത്താ<br>18:15–20 | 31<br>1 കോറി<br>13:1–8;13<br>മത്താ<br>18:21–35 | | |

# Wedding

30 December 2021



## LIJOY

Late Joy C.L. & Late Leo Joy
Choondal House,
Nellikkadu, Thrissur

## JINI MARIYA

D/o. Mrs. Shiny Jeejo &
Mr. Jeejo
Thalikulam House,
Perinchery P.O., Thrissur



## സ്വർഗ്ഗത്തിൽ 17-ാം പിറന്നാൾ

## 6-03-2022



അരിമ്പൂര് വാഴപ്പറമ്പൻ ജോണി മകൻ

# റിജോഷ്

സെന്റ് തെരേസ യൂണിറ്റ്
പൊങ്ങണംകാട്

നീ ജീവിച്ചിരുന്നപ്പോൾ
ഞങ്ങൾ നിന്നെ ഒരുപാട് സ്നേഹിച്ചു.
മരണംവരേയും ഞങ്ങളുടെ പ്രാർത്ഥനയിൽ
എന്നും നിന്നെ സ്മരിക്കും.

സ്നേഹസ്മരണയോടെ... പ്രിയ കുടുംബാംഗങ്ങൾ